മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 20 THE ONLINE OFFICIAL NEWS BULLETIN 2025 May 15

SEASON OF THE RESURRECTION ഉയിർപ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
18 3rd Sunday after New Sunday 4	19 200th Mem. of Punnathra Mar Dionysius III (Kottayam Cheriya Palli) 8	20 Comme. of the 4 Evangelist, All fathers of the 3 Ecumeniacal Synods 4	21 8	22 4	23 8	24 4



കോട്ടയം പബ്ലിക് ലൈബ്രറി സംഘടിപ്പിച്ച സുകുമാർ അഴീക്കോട് ജൻമ ശതാബ്ദി സമ്മേളനം സെമിനാർ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. പബ്ലിക് ലൈബ്രറിയുടെ ചരിത്രം അടയാളപ്പെടുത്തുന്ന പുസ്തകം തദവസരത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു.



സന്യാസ സമൂഹ സംഗമം പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടന്നു. പ്രസിഡന്റ് ഡോ. യാക്കൂബ് മാർ ഐറേനിയോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.



കോട്ടയം ഭദ്രാസന ആധ്യാത്മിക സംഘടനകളുടെ സംയുക്ത വാർഷിക സമ്മേളനം തിരുവാർപ്പ് മർത്തശ്മൂനി ഓർത്തഡോക്സ് സുറിയാനി ദേവാലയത്തിൽ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് ഉദ്ഘാടനം ചെയ്തു.



കർദിനാൾ റോബർട്ട് പ്രേവോസ്ത് പുതിയ മാർപാപ്പ; ഇനി ലിയോ പതിനാലാമൻ

യുഎസിൽ നിന്നുള്ള ആദ്യ പോപ്പ്

കർദിനാൾ സ്ഥാനമേറ്റ് രണ്ടാം വർഷം മാർപാപ്പ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത് നാലാം വോട്ടെടുപ്പിൽ വത്തിക്കാനിലെ ബിഷപ്പുമാരുടെ സിനഡിന്റെ തലവൻ

വത്തിക്കാൻ സിറ്റി: റോമൻ കത്തോലിക്കാ സഭയുടെ പുതിയ ഇടയനായി അമേരിക്കയിൽ നിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രേവോസ്ത് തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഇനി മുതൽ ലിയോ പതിനാലാമൻ എന്നറിയപ്പെടും. കോൺക്ലേവ് കൂടി രണ്ടാം ദിനമാണ് 267-ാമത്തെ പാപ്പയെ തിരഞ്ഞെടുത്തത്. യുഎസിൽ നിന്നുള്ള ആദ്യ മാർപാപ്പയാണ് 69-കാരനായ കർദിനാൾ റോബർട്ട് പ്രേവോസ്ത്.

1955 സെപ്റ്റംബർ 14-ന് ചിക്കാഗോയിൽ ലൂയിസ് മാരിയസ് പ്രേവോയുടേയും മിൽഡ്രഡ് മാർട്ടിനെസിന്റെയും മകനായി ജനിച്ചു. പിതാവ് ഫ്രഞ്ച്, ഇറ്റാലിയൻ വംശജനായ നാവിക സേനാ ഉദ്യോഗസ്ഥനും മാതാവ് സ്പാനിഷ് വംശജയായ ലൈബ്രേറിയനുമായിരുന്നു. രണ്ട് സഹോദരന്മാരുണ്ട്. അദ്ദേഹത്തിന് ഇംഗ്ലീഷ്, സ്പാനിഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, പോർച്ചുഗീസ് എന്നീ ഭാഷകളിൽ പരിജ്ഞാനമുണ്ട്, കൂടാതെ ലാറ്റിൻ, ജർമ്മൻ ഭാഷകൾ വായിക്കാനും കഴിയും. കർദിനാൾ റോബർട്ട് പ്രേവോസ്ത് 1973-ൽ ഓർഡർ ഓഫ് സെന്റ്

(ശേഷം മൂന്നാം പേജിൽ)

Catholicos of the Malankara Orthodox Syrian Church Extends Heartfelt Greetings to the Newly Elected Pope

www.mosc.in
catholicos@mosc.in

Ph: 0481 - 2574323
2578500

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

May 08, 2025

To

His Holiness Pope Leo XIV
The Bishop of Rome and Supreme Pontiff
Vatican City

Your Holiness,

Greetings in the name of our Lord and Saviour Jesus Christ.

On behalf of the Malankara Orthodox Syrian Church, We convey our heartfelt congratulations and prayerful best wishes on your election as the Pope of the Roman Catholic Church. We offer our sincere prayers that the Lord may strengthen Your Holiness with wisdom, grace, and pastoral courage as you take up the sacred ministry entrusted to you at this significant moment in the life of the Church and the world.

We pray, in the words of the Apostle Peter, "Tend the flock of God that is in your charge... willingly, as God would have you do it... and when the chief shepherd appears, you will win the crown of glory that never fades away." (1 Peter 5:2,4)

We hold in hope that this new pontificate may continue to foster peace, reconciliation, and a deepened sense of unity among the Churches of Christ. In that same spirit, we look forward to the continued strengthening of our bilateral relationship with the Catholic Church-a relationship nurtured through decades of mutual respect, theological engagement, and pastoral concern.

It is also our fervent prayer that the dialogue between the Catholic Church and the Oriental Orthodox Churches may find renewed energy, guided by the Holy Spirit, and animated by the shared desire to fulfil the prayer of our Lord, "that they may all be one" (John 17:21).

Assuring Your Holiness of our continued prayers for your health and fruitful ministry, and invoking God's abundant blessings upon your leadership,

In the love of Christ,

Baselios Marthoma Mathews III

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

(ഒന്നാം പേജിൽ നിന്നും തുടർച്ച)

അഗസ്റ്റിൻ മൈനർ സെമിനാരിയിൽ സെക്കൻഡറി പഠനം പൂർത്തിയാക്കി. 1977-ൽ വില്ലനോവ യൂണിവേഴ്സിറ്റിയിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദം നേടി.

പുരോഹിതനാകാൻ തീരുമാനിച്ച പ്രേവോ, 1977 സെപ്റ്റംബറിൽ ഓർഡർ ഓഫ് സെന്റ് അഗസ്റ്റിൻ സന്ന്യാസ സഭയിൽ ചേർന്നു. 1978 സെപ്റ്റംബറിൽ തന്റെ ആദ്യ വ്രതം എടുത്തു, 1981 ഓഗസ്റ്റിൽ നിത്യ വ്രതം സ്വീകരിച്ചു. അടുത്ത വർഷം, 1982-ൽ, ചിക്കാഗോയിലെ കാത്തലിക് തിയോളജിക്കൽ യൂണിയനിൽ നിന്ന് മാസ്റ്റർ ഓഫ് ഡിവിനിറ്റി ബിരുദം കരസ്ഥമാക്കി. 1982-ൽ പുരോഹിതനായി മൂന്ന് വർഷത്തിന് ശേഷം 30-ാം വയസ്സിൽ പെറുവിലേക്ക് കർമ മണ്ഡലം മാറിയെങ്കിലും യുഎസിലേക്ക് മടങ്ങിവരിക പതിവായിരുന്നു.

1984-ൽ റോമിലെ പൊന്തിഫിക്കൽ കോളജ് ഓഫ് സെന്റ് തോമസ് അകിനാസിൽ നിന്ന് കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റും 1987-ൽ കാനൻ നിയമത്തിൽ പി.എച്ച്ഡിയും നേടി.

1985-1986, 1988-1998 കാലഘട്ടങ്ങളിൽ പെറുവിൽ ഇടവക വികാരിയായും, സെമിനാരി അധ്യാപകനായും, അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചു. 1985 മുതൽ 1986 വരെ ചുലുക്കാനാസിന്റെ ടെറിട്ടോറിയൽ പ്രെലാചറിന്റെ ചാൻസലറായി സേവനമനുഷ്ഠിച്ചു. 1987-ൽ ചിക്കാഗോയിലെ ആഗസ്റ്റീനിയൻ പ്രോവിൻസിന്റെ വൊക്കേഷൻ പാസ്റ്ററായും മിഷൻ ഡയറക്ടറായും പ്രവർത്തിച്ചു.

1988-ൽ അദ്ദേഹം പെറുവിലേക്ക് മടങ്ങി, അടുത്ത പത്ത് വർഷം ട്രൂജിയോയിലെ ഓഗസ്റ്റീനിയൻ സെമിനാരിയുടെ തലവനായി. ഡയോസിസൻ സെമിനാരിയിൽ കാനൻ ലോ പഠിപ്പിച്ച അദ്ദേഹം, പ്രീഫെക്ടായും പ്രവർത്തിച്ചു. ട്രൂജിയോയിലെ പ്രാദേശിക എക്ലിസിയാസ്റ്റിക്കൽ കോടതിയുടെ ജഡ്ജി, ട്രൂജിയോയുടെ കോളജ് ഓഫ് കൺസൾട്ടേഴ്സിന്റെ അംഗം എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു. 2013 വരെ ഓർഡർ ഓഫ് സെന്റ് അഗസ്റ്റിന്റെ പ്രിയോർ ജനറലായും പ്രവർത്തിച്ചു. 2015 മുതൽ 2023 വരെ പെറുവിലെ ചിക്ലായോയുടെ ബിഷപ്പായും, സേവനമനുഷ്ഠിച്ചു. 2015-ലാണ് പെറുവിന്റെ പൗരത്വം സ്വീകരിച്ചത്. 2023-ൽ കർദിനാളായി ഉയർത്തപ്പെട്ടു. 2023 മുതൽ ഡികാസ്റ്ററി ഫോർ ബിഷപ്പ്സിന്റെ പ്രീഫെക്ടും പൊന്തിഫിക്കൽ കമ്മീഷൻ ഫോർ ലാറ്റിൻ അമേരിക്കയുടെ പ്രസിഡന്റുമായിരുന്നു.

ബിഷപ്പുമാരെ തിരഞ്ഞെടുക്കുന്നതിന് മേൽനോട്ടം വഹിക്കുന്ന പ്രധാന ദൗത്യമുള്ള ഡികാസ്റ്ററി ഫോർ ബിഷപ്പ്സിന്റെ പ്രീഫെക്ടായിരുന്ന കർദിനാൾ റോബർട്ട് പ്രേവോ കർദിനാൾമാർക്കിടയിൽ സുപരിചിതനായിരുന്നു. ബിഷപ്പാക്കാനുള്ളവരുടെ നാമനിർദ്ദേശങ്ങൾ മാർപാപ്പയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുന്ന വോട്ടിംഗ് ബ്ലോക്കിൽ മൂന്ന് സ്ത്രീകളെ ഉൾപ്പെടുത്തിയ ഫ്രാൻസിസ് മാർപാപ്പയുടെ ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരങ്ങളിലൊന്നിൽ അദ്ദേഹം പങ്കാളിയായി:

പെറുവിൽ മിഷനറിയായി നിരവധി വർഷങ്ങൾ ചെലവഴിച്ചതിനാലും നിലവിൽ പെറു പൗരത്വമുള്ളതിനാലും അദ്ദേഹത്തെ ലാറ്റിൻ അമേരിക്കക്കാരനായും കണക്കാക്കാവുന്നതാണ്. അദ്ദേഹത്തിന്റെ ലാറ്റിൻ അമേരിക്കൻ പശ്ചാത്തലം സഭയിൽ ഫ്രാൻസിസ് മാർപാപ്പ നടപ്പിലാക്കിയ പരിഷ്കാരങ്ങൾക്ക് തുടർച്ചയാകുമെന്നാണ് കരുതപ്പെടുന്നത്.

Two Metropolitans will attend Pope's Ecumenical Meeting at Rome

Kottayam, India / Vatican City — The Malankara Orthodox Syrian Church is honored to announce that Metropolitan Zachariah Mar Nicholovos, Diocesan Metropolitan of the Northeast American Diocese, and Metropolitan Abraham Mar Stephanos, Diocesan Metropolitan of the UK, Europe, and Africa Diocese, will officially participate in the Mass of Inauguration of the Petrine Ministry of His Holiness Pope Leo XIV on Sunday, May 18, 2025, in St. Peter's Square, Vatican City.

This historic occasion marks the formal commencement of Pope Leo XIV's ministry as the Bishop of Rome and the universal shepherd of the Roman Catholic Church, following his election as the 267th successor to St. Peter.

The participation of the Malankara Orthodox Syrian Church reflects the longstanding fraternal relations and ecumenical commitment between the Oriental Orthodox Churches and the Roman Catholic Church. Their presence reaffirms the shared dedication to Christian unity, mutual respect, and collaborative witness to the faith in an increasingly fragmented world.

“We are humbled to represent the Malankara Orthodox Syrian Church at this momentous event in the life of the Catholic Church,” said Metropolitan Zachariah Mar Nicholovos. “It is an opportunity to express our prayers and goodwill for the ministry of His Holiness Pope Leo XIV and to strengthen the bonds of brotherhood between our Churches.”

Metropolitan Abraham Mar Stephanos added, “Our participation symbolizes the continuing journey of dialogue and cooperation rooted in the apostolic faith we hold in common. May this occasion inspire deeper unity among all Christians.”

His Holiness Moran Mar Baselios Marthoma Mathews III, the Catholicos of the East & Malankara Metropolitan conveyed his fraternal greetings to the new Pontiff of the Roman Catholic Church on May 8th. His Holiness the Catholicos conveyed the prayers and good wishes of the entire Malankara Church as the Pope Leo XIV begins his pontificate.

The Malankara Orthodox Syrian Church, an ancient Oriental Orthodox Church founded by St. Thomas the Apostle in India, maintains cordial ecumenical relations with churches worldwide and actively engages in initiatives fostering Christian unity.

സമാധാനം ഉണ്ടാകാൻ പ്രാർത്ഥിക്കേണ്ടത് മലങ്കരസഭയുടെ കടമ: പ. കാതോലിക്കാ ബാവാ

കോട്ടയം: ഭാരതത്തിനും, സൈനികർക്കും, അതിർത്തിയിലെ ജനസമൂഹത്തിനും വേണ്ടി മലങ്കര സഭയുടെ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥന നടന്നു. രാജ്യം യുദ്ധഭീഷണി നേരിടുകയാണെന്ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. നിർദോഷികളായ നിരവധി ഗ്രാമവാസികൾ കൊല്ലപ്പെടുന്നു.

അഭിപ്രായ വ്യത്യാസങ്ങൾക്ക് യുദ്ധം പരിഹാരമല്ലെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഓർമ്മിപ്പിച്ചു.

പരസ്പര ധാരണയിൽ സമാധാനം പുന:സ്ഥാപിക്കണം. യുദ്ധങ്ങൾ മാനവരാശിക്ക് ഭീഷണിയെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു. രാജ്യസ്നേഹത്തിന്റെ പേരിൽ മനുഷ്യകുലം നശിക്കാൻ ഇടയാകരുത്. സമാധാനം ഉണ്ടാകാൻ പ്രാർത്ഥിക്കേണ്ടത് മലങ്കരസഭയുടെ കടമയെന്നും പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ബോധിപ്പിച്ചു.



പരുമല സെൻറ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ അന്താരാഷ്ട്ര നഴ്സസ് ദിനാഘോഷങ്ങൾ നടത്തി. 2025 മേയ് 10-നു പരുമല നഴ്സിംഗ് കോളജിൽ വെച്ച് കൂടിയ യോഗം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു. പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ് അദ്ധ്യക്ഷത വഹിച്ചു.

സമകാലികം

നീതിന്യായ വ്യവസ്ഥയും, ക്രിസ്തുവിന്റെ സുവിശേഷവും

ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ


സുവിശേഷം എന്നാൽ നല്ല വിശേഷം (സത് വാർത്ത) അഥവാ ഗുഡ് ന്യൂസ് എന്നതല്ലോ. നല്ല വിശേഷം ഇപ്പോഴും കേൾക്കുവാൻ താല്പര്യം ഉള്ളതും ലോകത്തിലെ എല്ലാ ആളുകൾക്കും ആവശ്യം ഉള്ളതുമാണ്. നല്ല വാർത്തകൾ കേൾക്കുവാൻ ആണ് എല്ലാവരും ആഗ്രഹിക്കുന്നതും. ക്രിസ്തുവിന്റെ സുവിശേഷത്തെ സംബന്ധിച്ച് പറയുമ്പോൾ വി. സഭയുടെ ആത്യന്തീകമായ ലക്ഷ്യം ദൈവ സുവിശേഷത്തിന്റെ മർമ്മകളെ സൂക്ഷിക്കുകയും ജനത്തിന് വ്യാഖാനിച്ച് കൊടുക്കുകയും ചെയ്ത് അതുവഴി ദൈവത്തിലേക്ക് ജനത്തെ നയിക്കുക എന്നതാണ്. എന്നാൽ സുവിശേഷം എന്നത് മതം മറ്റമല്ല മനം മാറ്റമാണ്. മനം മാറ്റം എന്നത് നിലപാടുകളുടെ മാറ്റം അല്ല മറിച്ച് കാട്ടൊലിവായ നാം ക്രിസ്തു എന്ന നാട്ടൊലിവിനോട് ഉള്ള പറ്റിച്ചേരൽ ആണ്. എന്നാൽ ഏൽപ്പിച്ച കർത്തവ്യങ്ങളിൽ നിന്ന് മാറിനിൽക്കുന്നത് പുതിയ സുവിശേഷമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ അത് തിരുത്തേണ്ട ആവശ്യം സഭയ്ക്കുണ്ട് എന്ന് കരുതുന്നു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ സംബന്ധിച്ച് ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പ്രഘോഷണം എന്നത് അതിന്റെ ഭൗതികമായ അസ്തിത്വത്തെ ഉന്മൂലനം ചെയ്യുന്ന തരത്തിൽ ആകണം എന്ന് ശഠിക്കുന്നത് വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഭാഷയിൽ ക്രിസ്തുവിന്റെ സുവിശേഷത്തെ മറിച്ചു കളയുന്നതാണ്.

ചിങ്ങവനം വട്ടമേശ സമ്മേളനത്തിൽ നിന്ന് സുധീരം ഇറങ്ങിപ്പോയ ബഥനിയുടെ ആബോ ആയിരുന്ന ഭാഗ്യ സ്മരണാർത്ഥനായ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനി 'ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്രം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രോപ്പോലിത്തയായി കഴിയുവാൻ ആഗ്രഹിക്കുനില്ല. ഒരു നായയെ പോലെ മരിക്കേണ്ടി വന്നാലും മലങ്കര സഭയുടെ സ്വതന്ത്യയത്തിനു വേണ്ടി അടരാടും. മലങ്കരസഭയുടെ സ്വാതന്ത്ര്യം തിറെഴുതാനും അബ്ദൽ മ്ശിഹായുടെ പട്ടത്വം പാഴാണെന്നു സമ്മതിക്കാനും ഞാൻ തയ്യാറില്ല' എന്ന് പ്രസ്താവിച്ചത് ക്രിസ്തുവിന്റെ സുവിശേഷം അറിയാഞ്ഞിട്ടല്ല. മറിച്ച് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കുവാനുള്ള അടിസ്ഥാനം ഈ വിശുദ്ധ സഭയാണെന്ന ബോധത്തിലാണ്. സഭയിൽ വ്യവഹാരം തുടർന്നു പോകണമെന്ന് ആരും ആഗ്രഹിക്കുന്ന കാര്യമല്ല. വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെയുള്ള ശാശ്വത സമാധാനമാണ് സഭ എക്കാലവും ആഗ്രഹിച്ചിട്ടുള്ളത്. എന്നാൽ ഒരു വിഭാഗം മറുതലിച്ച് എല്ലാ മധ്യസ്ഥത ശ്രമങ്ങളും തള്ളിക്കളഞ്ഞ് കോടതിയിൽ മാത്രമാണ് ഞങ്ങൾക്ക് വിശ്വാസം എന്നു പറഞ്ഞ് ഏകപക്ഷീയമായി മുന്നോട്ടു പോകുമ്പോൾ മലങ്കര സഭയ്ക്ക് അതിൽ നിന്ന് എങ്ങനെ മാറി നിൽക്കാനാവും. സമാധാനം ആഗ്രഹിക്കുന്ന സഭ, കോടതികളിൽ നിന്ന് ഒരു തീർപ്പുണ്ടായി ശാശ്വത സമാധാനം നടപ്പാക്കുന്നുവെങ്കിൽ അത് അങ്ങനെയാകട്ടെ എന്ന് സഹകരിക്കുമ്പോൾ രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥ സുവിശേഷ വിരുദ്ധവും, ക്രിസ്തീയതയ്ക്ക് വിരുദ്ധവും ആകുന്നത് എങ്ങനെയാണ്?

വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെയുള്ള ശാശ്വത സമാധാനമാണ് സഭ എക്കാലവും ആഗ്രഹിച്ചിട്ടുള്ളത്. എന്നാൽ ഒരു വിഭാഗം മറുതലിച്ച് എല്ലാ മധ്യസ്ഥത ശ്രമങ്ങളും തള്ളിക്കളഞ്ഞ് കോടതിയിൽ മാത്രമാണ് ഞങ്ങൾക്ക് വിശ്വാസം എന്നു പറഞ്ഞ് ഏകപക്ഷീയമായി മുന്നോട്ടു പോകുമ്പോൾ മലങ്കര സഭയ്ക്ക് അതിൽ നിന്ന് എങ്ങനെ മാറി നിൽക്കാനാവും. സമാധാനം ആഗ്രഹിക്കുന്ന സഭ, കോടതികളിൽ നിന്ന് ഒരു തീർപ്പുണ്ടായി ശാശ്വത സമാധാനം നടപ്പാക്കുന്നുവെങ്കിൽ അത് അങ്ങനെയാകട്ടെ എന്ന് സഹകരിക്കുമ്പോൾ രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥ സുവിശേഷ വിരുദ്ധവും, ക്രിസ്തീയതയ്ക്ക് വിരുദ്ധവും ആകുന്നത് എങ്ങനെയാണ്?

സഭയ്ക്കും, സഭയുടെ തലയായ ക്രിസ്തുവിനും വിരുദ്ധമായി വരുന്നത് ഒന്നും സുവിശേഷം അല്ല. 'അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ' എന്നതാണ് വി. പൗലോസ് ഇതേ കുറിച്ച് ഗലാത്യ സഭയോട് പറയുന്നത്. ഗലാത്യർ 1:8.9. ഇരുവിഭാഗവും അംഗീകരിച്ച് യോജിച്ച് ബഹു. സുപ്രീം കോടതി നിരീക്ഷകനെ നേരിട്ട് ഏർപ്പെടുത്തിയിട്ട് പോലും അതിനോട് സഹകരിക്കാതെ പുറംതിരിഞ്ഞു നിൽക്കുന്ന ഒരു സമൂഹത്തെ സമാധാനത്തിലേക്ക് കൊണ്ടുവരാൻ മലങ്കരസഭയ്ക്ക് എന്താണ് ചെയ്യുവാൻ കഴിയുന്നത്. മലങ്കര സഭയുടെ ഒരു ദേവാലയങ്ങളിൽ നിന്നും ആരും ഇറങ്ങി പോകുവാൻ സഭ പറയുന്നില്ല. 'പള്ളി പിടുത്തം' എന്നത് അകത്തുനിന്നും പുറത്തുനിന്നും ഒളിഞ്ഞും തെളിഞ്ഞും പ്രയോഗിക്കുമ്പോൾ ഒരു പള്ളിയും പിടിക്കുവാനോ, സ്ഥാനചലനം വരുത്തി മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനത്ത് കൂട്ടിക്കെട്ടാനോ ആരും മുതിരുന്നില്ല. ശാശ്വതമായ സമാധാനം ഉണ്ടാകുവാൻ 1934-ലെ മലങ്കരസഭാ ഭരണഘടന നടപ്പാക്കി ഒരപ്പത്തിന്റെ അംശികളായി കഴിയുക എന്നതാണ് ഈ സഭയുടെ നിലപാട്. നിലമറന്ന് നിലപാട് മാറ്റുന്നത് അനുസരിച്ച് സഭയ്ക്ക് മാറുവാൻ കഴിയുകയില്ല. എടുത്ത നിലപാടിൽ ഉറച്ചു നിൽക്കുക എന്നത് ക്രിസ്തീയതയ്ക്ക് വിരുദ്ധമോ, സുവിശേഷ വിരുദ്ധമോ അല്ല താനും. പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി മുതൽ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് രണ്ടാമൻ ബാവ തിരുമേനി വരെയുള്ള പിതാക്കന്മാരുടെ ജീവിതവും പ്രാർത്ഥനയും കണ്ണുനീരും മലങ്കര സഭയിലെ ശാശ്വതമായ സമാധാനത്തിനു വേണ്ടി മാത്രമായിരുന്നു. അവരാരും ക്രിസ്തുവിന്റെ സുവിശേഷം അറിയാത്തവരാണ് എന്ന് ബലഹീനനായ നാം കരുതുന്നില്ല. മലങ്കരസഭയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഓടിനടന്ന് സുവിശേഷം പ്രഘോഷിച്ച സഭയുടെ മിഷനറി ബിഷപ്പ് ആയ ഭാഗ്യസ്മരണാർഹനായ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി മലങ്കരസഭയുടെ പ്രശ്നബാധിത ഇടങ്ങളിൽ ഒരു സമാധാന ദൂതനെ പോലെ ഓടിനടന്ന പ്രസംഗിച്ചതും മലങ്കരസഭ ഉയർത്തിപ്പിടിച്ച ക്രിസ്തുവിന്റെ സുവിശേഷമാണ്. 'ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല.സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്. മനം മാറിയ വി. പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു പുതുക്കം പ്രാപിച്ചപ്പോൾ ലഭിച്ച പരിശുദ്ധാത്മ വ്യപാരത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്ന വാക്കുകൾ ആണ് ഇത്. അതിൽ സഭയോടും അതുവഴി ക്രിസ്തുവിനോടും ഉള്ള സ്നേഹവും പ്രതിബദ്ധതയും നിഴലിച്ച് നിൽക്കുന്നു. ഒരു വിഭാഗം നിയമം അനുസരിക്കാതിരിക്കുകയും, വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ, നിയമം അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെ സമാധാനവും വരുത്തണം എന്ന് സഭ പറയുകയും ചെയ്യുന്നത് എങ്ങനെ സുവിശേഷ വിരുദ്ധമാകും? ക്രിസ്തുവിനു വേണ്ടി കഷ്ടത സഹിക്കുവാൻ തയ്യാറായ പൗലോസ് ശ്ലീഹാ 'ഞാൻ ന്യായാധിപനു മുമ്പാകെ നിൽക്കുന്നു' എന്ന വിശുദ്ധ പൗലോസ് ശ്ലീഹായുടെ പ്രസ്താവന സമൂഹത്തിലെ നീതിന്യായ വ്യവസ്ഥയോടുള്ള ആദരവാണ്. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധി വരുമ്പോൾ അവിടെ ക്രിസ്തീയതയും, സുവിശേഷവും പറയുന്നവർ അവർക്ക് അനുകൂലമായി ഉണ്ടാകുന്ന കോടതി വിധികളിൽ ആഹ്ലാദിക്കുന്നതും, ന്യായീകരിക്കുന്നതും ഏത് ആത്മാവിൽ ആണെന്ന് നാം തിരിച്ചറിയണം. സത്യം തിരിച്ചറിയുവാനും സത്യത്തിൽ ചരിക്കുവാനും ശാശ്വത സമാധാനം സഭയിൽ ഉണ്ടാകുവാനും ക്രിസ്തുവിന്റെ സത്യ സുവിശേഷം തിരിച്ചറിഞ്ഞ് പ്രഘോഷിക്കുവാനും ഏവർക്കും ഇടയാകട്ടെ പ്രാർത്ഥിക്കുന്നു.

❑



കത്തുകളിലൂടെ ചരിത്രം പുനർ ജനിക്കുന്നു

ഫാ. ജോബ് സാം മാത്യു

മലങ്കരസഭയുടെ ചരിത്രത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ള വ്യക്തിയാണ് സഭാഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്താ. ഈ പരിശുദ്ധ പിതാവിനെപ്പറ്റിയുള്ള പഠനങ്ങളും പ്രബന്ധങ്ങളും ധാരാളമായി പ്രസിദ്ധീകരിക്കപ്പെടുന്നത് നമുക്ക് നേർകാഴ്ചയാണ്. അദ്ദേഹത്തിന്റെ സ്വകാര്യ കത്തുകൾ, കല്പനകൾ, ഇടയലേഖനങ്ങൾ, കല്പനബുക്കുകൾ മുതലായവ കണ്ടെടുക്കുകയും, 'വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകൾ' എന്ന ഗ്രന്ഥപരമ്പരയിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്ന ഉദ്യമത്തിൽ തല്പരനായ ശ്രീ. ജോയ്സ് തോട്ടയ്ക്കാടിന് ആദ്യമേ ആദരവുകൾ സമർപ്പിക്കുന്നു.

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളിയ പുണ്യശ്ലോകനായ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതത്തിന്റെ ഒരു നേർക്കാഴ്ച ഈ ഗ്രന്ഥത്തിൽ കൂടിയും പരിചയപ്പെടാൻ കഴിയുന്നു. വായനക്കാർക്കും ചരിത്രാന്വേഷികൾക്കും ഇത് ഒരു ഉത്തമ സ്രോതസ്സായി നിലകൊള്ളുന്നു. 'കേസും കോടതികളും വ്യവഹാരങ്ങളുമായി ജീവിച്ച സഭാധ്യക്ഷൻ' എന്ന തെറ്റിദ്ധാരണയിൽ നിന്നും ക്രിസ്തീയ ആത്മീയ-സാമൂഹിക മണ്ഡലങ്ങളിൽ നിർണായകമായ സ്വാധീനം ചെലുത്തിയ തേജസ്സുള്ള ഗുരുശ്രേഷ്ഠനായിരുന്നു പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി എന്ന ബോധ്യത്തിലേക്ക് നമ്മെ നയിക്കാൻ ഈ ഗ്രന്ഥപരമ്പര സഹായിച്ചിട്ടുണ്ട്.

അനവധി വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളുന്നുണ്ട്. കേരളത്തിലെ പൊതുസമൂഹവും വിശേഷാൽ ക്രൈസ്തവസമൂഹവും അഭിസംബോധന ചെയ്ത വിഷയങ്ങളെയും വ്യക്തികളെയും പള്ളികളെയും ഇതിൽ പരിചയപ്പെടാം. എപ്പോഴും സജീവനായിരുന്ന ഈ പിതാവ്, ഒരു സ്ഥലത്തു നിന്നും ഒരേ ദിവസം വിവിധ വിഷയങ്ങളെ അഭിസംബോധന ചെയ്തുള്ള അനേകം കല്പനകൾ, കത്തുകൾ എന്നിവ എഴുതിയിട്ടുണ്ട്.

സുറിയാനി ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസുമാർ മലങ്കര സഭയുടെ മേൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ച അധിനിവേശ ശ്രമങ്ങൾ രൂക്ഷമായ കാലഘട്ടത്തിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും പൈതൃകവും സംരക്ഷിച്ചു നയിക്കുക എന്ന നിയോഗമാണ് വട്ടശ്ശേരിൽ തിരുമേനിക്കുണ്ടായിരുന്നത്. പാത്രിയർക്കീസുമാർ അധിനിവേശം ഉറപ്പാക്കാൻ മലങ്കര നസ്രാണികളിൽ ചിലർക്ക് മെത്രാൻ സ്ഥാനം അനധികൃതമായി നൽകുന്ന പതിവ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാതിയിൽ ആരംഭിച്ചിരുന്നു.

യെറുശലേമിൽ വച്ച് സിറിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ്, മീഖായേൽ മാർ ദീവന്നാസിയോസ്, തോമസ് മാർ ദീയസ്കോറോസ്, ഔഗേൻ മാർ തീമോത്തിയോസ് (പരിശുദ്ധ ബസേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ) എന്നിവരെ മെത്രാന്മാരാക്കി മലങ്കരയിലേക്ക് അയച്ചത് ഈ കാലയളവിലാണ്. അത് മലങ്കരസഭയിൽ പ്രതിസന്ധി ഉണ്ടാക്കി. ഇവരിൽ മീഖായേൽ മാർ ദീവന്നാസിയോസ് 1103 ചിങ്ങം 25 ശനിയാഴ്ച രഹസ്യമായി ചേപ്പാട് സെന്റ് ജോർജ് പള്ളിയിൽ കയറുകയും അതേ തുടർന്ന് പള്ളിയിൽ കലഹം ഉണ്ടാവുകയും ചെയ്തു. ഇതിൽ മെത്രാന്റെ വടി മൂന്നു കഷണങ്ങളായി ഒടിഞ്ഞു. ഒരാൾ മരിച്ചു പോയി. വട്ടിപ്പണക്കേസ് ഉൾപ്പെടെയുള്ള കോടതി വ്യവഹാരങ്ങൾ നടക്കുന്ന സാഹചര്യത്തിലും സമാധാന ചർച്ചകൾ നടന്നിരുന്നു. അന്ത്യോഖ്യൻ പാത്രിയർക്കീസ് മലങ്കരയിലേക്ക് വരുന്നതിനുള്ള സാധ്യതയും ഈ സമയത്ത് വട്ടശ്ശേരിൽ തിരുമേനിക്കു മനസ്സിലായി. വട്ടിപ്പണക്കേസ് നടക്കുന്ന പശ്ചാത്തലത്തിൽ പണപ്പിരിവിനായി പള്ളികൾക്ക് കത്തുകൾ അയക്കുകയും ധനസമാഹരണത്തിനായി പ്രതിനിധികളെ നിയോഗിക്കുകയും ചെയ്തു. ചില സന്ദർഭങ്ങളിൽ തിരുമേനി നേരിട്ട് കടന്നുചെന്നു ധനശേഖരണം നടത്തി.

ഈ കാലയളവിൽ കണ്ണിന്റെ ശസ്ത്രക്രിയയ്ക്കു തിരുപ്പത്തൂരിലേക്ക് (തിരുപ്പൂർ) തിരുമേനി പോയി. അവിടെ സ്വീഡിഷ് മിഷൻ ഹോസ്പിറ്റലിൽ ചികിത്സ തേടി. അവിടെ നിന്നും മലങ്കരയിലെ കാര്യങ്ങൾക്ക് തിരുമേനി ചുക്കാൻ പിടിച്ചു. 1102 വൃശ്ചികം 8 വ്യാഴാഴ്ച ഡോ. കുർഗെൽബെർഗ്, ഡോ. ഗുരുപാദം എന്നിവർ ചേർന്ന് ശസ്ത്രക്രിയ നടത്തി. പച്ചയായ മനുഷ്യനായിരുന്നു തിരുമേനി. 1103 കുംഭം 16-ന് നാലു മണിക്ക് തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ പോയി 'പാർക്കിൽ നടന്നു മൃഗങ്ങളെ എല്ലാം കണ്ടു' എന്നത് ഇതിനു ഉദാഹരണം. ഈ ഗ്രന്ഥത്തിൽ നിന്നും വെളിപ്പെടുന്ന തിരുമേനിയുടെ ചില സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

1. ഭരണനിർവഹണത്തിൽ കൃത്യതയും സുതാര്യതയും പുലർത്തി

ഭരണനിർവഹണത്തിൽ കൃത്യതയും സുതാര്യതയും പുലർത്തുന്നതിന് എപ്പോഴും വട്ടശ്ശേരിൽ തിരുമേനി ശ്രദ്ധിച്ചിരുന്നു. ആർക്കും സമീപിക്കാവുന്ന ഒരു വ്യക്തിയായിരുന്നു പരിശുദ്ധ പിതാവ്. കേവലം പ്രശ്നപരിഹാരത്തിൽ മാത്രം ഒതുങ്ങുന്നതല്ല അദ്ദേഹത്തിന്റെ ഇടപെടലുകൾ. പ്രശ്നത്തിൽ ഉൾക്കൊള്ളുന്ന വ്യക്തികളെ നേരിട്ട് അഭിസംബോധന ചെയ്ത തിരുമേനി, രമ്യതയും യോജിപ്പും സാധ്യമാക്കുകയും ചെയ്യുക എന്ന ഉദ്യമത്തിലും ഏർപ്പെട്ടിരുന്നു.

ഇടവകകളിലെ ആഭ്യന്തര പ്രശ്നങ്ങളെക്കുറിച്ച് അംഗങ്ങൾ തിരുമേനിയെ അറിയിക്കുമ്പോൾ അതിന് ഉചിതമായ പ്രതിവിധി അദ്ദേഹം നിർദ്ദേശിക്കും. ഓരോ പ്രശ്നവും പരിഹരിക്കുവാൻ കൃത്യമായ മാർഗ്ഗദർശനവും തിരുമേനി നൽകി. ആരെ കണ്ടാൽ ഈ പ്രശ്നം പരിഹരിക്കാം എന്നും ആരുടെ ഇടപെടലാണ് പ്രധാനമെന്നും, എവിടെ ചർച്ചയ്ക്കായി വരണമെന്നും തിരുമേനി കത്തുകളിലൂടെ മാർഗ്ഗദർശനം നൽകി. പള്ളികളിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ തിരുമേനിയുടെ അധ്യക്ഷതയിൽ യോഗം കൂടും. അഭിപ്രായ വ്യത്യാസങ്ങൾ ഇരു കൂട്ടരേയും വിളിച്ച് ചർച്ച ചെയ്യും. പ്രശ്നപരിഹാരത്തിന് തിരുമേനിയുടെ വിശ്വസ്തരായ വൈദികരെയോ അൽമായരെയോ അയയ്ക്കും.

പള്ളി ഇടവക പൊതുയോഗത്തിന്റെ നിശ്ചയങ്ങളുടെ പകർപ്പ് തിരുമേനിയുടെ പേർക്ക് അയക്കും. അത് വിശദമായി വായിച്ച് ആവശ്യമായ മാർഗ്ഗദർശനങ്ങൾ നൽകും.

1102 ഇടവം ഏഴിന് പരുമല സെമിനാരിയിൽ നിന്നും അയച്ച ഒരു കല്പനയിൽ 'നിങ്ങൾ പള്ളിക്കാർ തമ്മിൽ ക്ഷമിച്ചും സഹിച്ചും സമാധാനപ്പെടണം' എന്ന നിർദ്ദേശമാണ് നൽകിയത്. പള്ളിഭരണം ക്രമീകൃതമാക്കാൻ പാണ്ടങ്കരി പുത്തൻ പള്ളിക്കാർക്കു 1102 തുലാം 8-നു പരുമല സെമിനാരിയിൽ നിന്നും അയച്ച കല്പനയിൽ നൽകിയ മാർഗ്ഗദർശനം ഇപ്രകാരമാണ്: '... നാം നിയമിച്ചിരിക്കുന്നതിനാൽ അവരെക്കൊണ്ടു അവരുടെ ചുമതലകളെ സത്യമായും കൃത്യമായും നടത്തിച്ചുകൊൾകയും, മുൻ ചുമതലക്കാർ ചിലവു നീക്കി ബാക്കി പണം, നെല്ലു മുതലായതും പുതിയ ചുമതലക്കാരെ ഏൽപ്പിച്ചു തങ്ങളുടെ ചുമതല ഒഴിഞ്ഞുകൊടുക്കയും, നിങ്ങൾ അയച്ചു തന്ന പള്ളി വരവുചിലവുകളുടെ തിരട്ടു നാം വായിച്ചു മനസ്സിലാക്കി അതിൽ ഒരു പ്രതി നമ്മുടെ ഒപ്പും മുദ്രയും വെച്ചു തിരികെ അയക്കുന്നതു പള്ളി റിക്കാർട്ടുകളുടെ കൂട്ടത്തിൽ സൂക്ഷിച്ചുകൊള്ളുകയും വേണം.' മറ്റൊരു ഉദാഹരണമായി, 1102 കർക്കിടകം 17-നു കാരിച്ചാൽ പള്ളിയിൽ ചെന്ന തിരുമേനി, സ്വന്തം അധ്യക്ഷതയിൽ ഇടവകയോഗം നടത്തി. അവിടെ പള്ളി വക വരവുചിലവുകളുടെ കണക്ക് കേട്ടു തിരട്ടാക്കി, യോഗം ഒപ്പിട്ടു പാസാക്കി. പഴയ ചുമതലക്കാർ അവരുടെ ചുമതല ഒഴിയുകയും പുതിയ ചുമതലക്കാരെ തിരഞ്ഞെടുത്തു ചുമതല ഏൽപ്പിക്കുകയും ചെയ്തു.

2. സഭ വക സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും പുരോഗതിക്കായി ഉദ്യമിച്ചു

സഭാതേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായും, പരിശുദ്ധ പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഉൾപ്പെടെയുള്ള പിതാക്കന്മാർ ആരംഭിച്ച സ്കൂളുകളും സഭ വക സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ വട്ടശ്ശേരിൽ തിരുമേനി ശ്രദ്ധ ചെലുത്തിയിരുന്നു. സഭ വക സ്വത്തുക്കൾ അന്യാധീനപ്പെടാതെ സംരക്ഷിക്കണം എന്ന് തിരുമേനി നിഷ്കർഷിച്ചിരുന്നു.

മുൻഗാമിയായ മാർ ദീവന്നാസിയോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായുടെ കാലത്ത് ആരംഭിച്ച വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുന്നതിൽ വട്ടശ്ശേരിൽ തിരുമേനി ശ്രദ്ധിച്ചിരുന്നു. സ്റ്റുഡന്റ് കോൺഫറൻസുകൾ നടക്കുന്നതിന്റെ ക്രമീകരണങ്ങളിൽ തിരുമേനി മേൽനോട്ടം വഹിച്ചു. മുൻഗാമികളുടെ കാലത്തു ആരംഭിച്ച പല ഇടവകകളും പുതിയ ദേവാലയങ്ങൾ നിർമിക്കുന്നതിന് താല്പര്യം കാണിച്ചു. അതിനാൽ പഴയ പള്ളികെട്ടിടങ്ങൾ പൊളിച്ചു പുതിയ സ്ഥലത്ത് വെക്കുന്നതിനുള്ള അനുവാദവും നൽകുന്നുണ്ട്. പലർക്കും ഉപരിപഠനത്തിനു സൗകര്യം ക്രമീകരിക്കുന്നതിനും ജോലി ലഭിക്കുന്നതിനും തിരുമേനി ശുപാർശ കത്തുകൾ നൽകി.

3. ദൃഢമായ വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിച്ചു

ഇത്രയധികം വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിച്ച വ്യക്തികളുണ്ടോ എന്ന് സംശയം തോന്നാം. തെക്കും വടക്കുമുള്ള അനേകം വൈദികരും അൽമായരും തിരുമേനിയോടു ചേർന്നു നിന്നു. സഭാംഗങ്ങളും ഇതര മതസ്ഥരും വിവാഹം, മാമോദീസാ, മരണം, മറ്റ് വിശേഷ സന്ദർഭങ്ങൾ മുതലായവയെ സംബന്ധിച്ച് തിരുമേനിയെ അറിയിച്ചിരുന്നു. അവിടെ ചെല്ലാൻ കഴിയുന്നില്ല എങ്കിൽ കത്തുകളിലൂടെ ആ വിവരം അറിയിക്കുകയും അവർക്ക് ആവശ്യമായ അനുഗ്രഹ വചസ്സുകൾ നൽകുകയും ചെയ്തു. ഓരോ വിഷയവും പരിഹരിക്കാൻ ആരുടെ സഹായം തേടണമെന്ന് കൃത്യമായ ധാരണ തിരുമേനിക്കുണ്ടായിരുന്നു. ഇത്രയധികം വിഷയങ്ങൾ അഭിസംബോധന ചെയ്യുവാൻ സഹപ്രവർത്തകരുടെ നിർലോഭമായ പിന്തുണയും തിരുമേനിക്ക് ലഭിച്ചു.

4. വൈദികശുശ്രൂഷയുടെ കാതലായ തത്വങ്ങളെക്കുറിച്ചുള്ള അവബോധമുണ്ടായിരുന്നു

വിശ്വാസികളുടെ എണ്ണം വർധിക്കുന്ന പശ്ചാത്തലത്തിൽ ഒരു വൈദികന് അനേകം പള്ളികളുടെ ചുമതല നിർവഹിക്കാൻ കഴിയുന്നില്ല എന്ന് തിരുമേനി തിരിച്ചറിഞ്ഞു. ഇടവക ശുശ്രൂഷ കാര്യക്ഷമമാക്കുന്നതിന് വൈദികർക്ക് മാർഗ്ഗദർശനങ്ങൾ നൽകിയിരുന്നു. ഉദാഹരണമായി 1102 ചിങ്ങം 16-നു കനകപ്പലം സെന്റ് ജോർജ് പള്ളിക്കാർക്ക് നൽകിയ കല്പനയിൽ 'ആ പള്ളി വീഴ്ച കൂടാതെ ക്രമമായി നടത്തിക്കൊള്ളണം' എന്ന് എഴുതി. മാമോദീസാ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ വൈദികർ നൽകുമ്പോൾ കൃത്യത പാലിക്കണം.

ഇടവകാംഗങ്ങളിൽ വികലമായ ജീവിതശൈലി കണ്ടാൽ ഇടവക വികാരിയും അംഗങ്ങളും അത് ശാസിച്ചു തിരുത്തണം. 1102 കന്നി 1-നു കോട്ടയം സെമിനാരിയിൽ നിന്നും അയച്ച കല്പനയിൽ ഇപ്രകാരം പറയുന്നു: 'ഇങ്ങനെയുള്ളതിൽ വികാരിയും ഇടവകക്കാരും മൗനമായിരിക്കുന്നപക്ഷം ഇടവകയിൽ ദുർമാർഗ്ഗങ്ങളും അനീതികളും വർദ്ധിക്കുകയും വി. സഭ അന്യന്മാരുടെ കൺകളിൽ ദുഷിക്കപ്പെടുകയും ദൈവകോപത്തിനു നാം പാത്രവാന്മാരായി തീരുകയും ചെയ്യുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.' വൈദികരുടെ രോഗങ്ങൾ, പ്രയാസങ്ങൾ എന്നിവ കണ്ടറിഞ്ഞ് സഹായം നൽകിയിരുന്നു (ഉദാഹരണം 1102 കന്നി 23-നു പരുമല സെമിനാരിയിൽ നിന്നും അയച്ച കല്പന). പള്ളികളിലെ വൈദികരുടെ തവണകൾ പുനർക്രമീകരിക്കുന്നതിനും അവർക്ക് അർഹമായ വേതനങ്ങൾ ലഭ്യമാക്കുന്നതിനും തിരുമേനി ശ്രദ്ധിച്ചു.

5. സഹപ്രവർത്തകരോടുള്ള സ്നേഹവും ആദരവും പുലർത്തി

സഹ മെത്രാപ്പോലീത്തന്മാരെ ഏറെ ആദരവോടെയാണ് തിരുമേനി കണ്ടത്. അവരുടെ അഭിപ്രായവും സഹകരണവും എല്ലാ കാര്യങ്ങളിലും ആഗ്രഹിച്ചിരുന്നു. 1925-ൽ പൗരസ്ത്യ കാതോലിക്കായി സ്ഥാനാരോഹണം ചെയ്യപ്പെട്ട പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവായെ സ്നേഹത്തോടും ആദരവോടുമാണ് വട്ടശ്ശേരിൽ തിരുമേനി കണ്ടത്. കാതോലിക്കായെ അഭിസംബോധന ചെയ്യുന്നത് 'ബഹുമാനപ്പെട്ട പൗരസ്ത്യ കാതോലിക്കാ ബാവാ അവർകൾ' എന്നാണ്. തന്റെ സംരക്ഷണത്തിന് കടന്നുവരികയും എന്നാൽ ക്രൂരമായി വധിക്കപ്പെടുകയും ചെയ്ത ആന പാപ്പിയുടെ (വർക്കി വർഗീസ്) കുടുംബത്തിന് ആവശ്യമായ സാമ്പത്തിക സഹായം എല്ലാ പള്ളികളും ചേർന്ന് നിർവഹിക്കണം എന്ന് 1102 മേടം 14-നു പരുമല സെമിനാരിയിൽ നിന്നും അയച്ച കല്പനയിൽ ആവശ്യപ്പെടുന്നു.

കോട്ടയം പഴയസെമിനാരിയിൽ വട്ടശ്ശേരിൽ തിരുമേനിയുടെ ഒപ്പം അധ്യാപനം നടത്തുകയും പിന്നീട് എതിർ ചേരിക്ക് നേതൃത്വം നൽകുകയും ചെയ്ത കോനാട്ട് കോര മാത്തൻ മല്പാൻ അന്ത്യകാലത്ത് വട്ടശ്ശേരിൽ തിരുമേനിയോട് അനുരഞ്ജനപ്പെടുന്നതിന് താല്പര്യപ്പെട്ടു. 1103 കന്നി 5-നു തിരുവനന്തപുരം പള്ളിയിൽ നിന്നും തിരുമേനി കോനാട്ടു കുഞ്ഞിപ്പൈലിക്ക് അയച്ച കത്ത് ഇത് വെളിപ്പെടുത്തുന്നു. കോനാട്ടു മല്പാനെ രോഗാവസ്ഥയിൽ നേരിട്ട് കാണണമെന്ന് ആഗ്രഹിച്ച തിരുമേനി അവിടെ എത്താമെന്ന് അറിയിച്ചു. എന്നാൽ അതിനു മുമ്പ് മല്പാൻ അന്തരിച്ചു.

6. 'മലങ്കരയുടെ രീതി'യുടെ സംരക്ഷകനായിരുന്നു

മലങ്കരസഭ ദൈവത്തിന്റെ സഭയാണ്. വിശ്വാസികളുടെ ആത്മികവും ഭൗതികവുമായ പരിപോഷണം സഭയുടെ കർത്തവ്യമാണ്. ഇതെല്ലാം നിറവേറ്റുവാൻ മലങ്കരയിൽ ഒരു വ്യവസ്ഥയുണ്ട്. അത് സംരക്ഷിക്കുന്നതിനും പാലിക്കുന്നതിനും വിശദീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനുമാണ് മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ താൻ നിയോഗിതനായത്. ഈ ബോധ്യം തിരുമേനിക്കുണ്ടായിരുന്നു. ഒരു വിഷയത്തെ സംബന്ധിച്ച് സമുദായത്തിൽ നടപ്പിൽ ഇരിക്കുന്ന കാര്യം തിരുമേനി അവതരിപ്പിക്കും. അത് എല്ലായിടത്തും, വടക്കും തെക്കും, പാലിക്കണമെന്ന് തിരുമേനിക്ക് നിർബന്ധബുദ്ധി ഉണ്ടായിരുന്നു. മലങ്കരസഭയുടെ ആരാധനാ പൈതൃകത്തെയും കാനോൻ നിയമങ്ങളെയും സംബന്ധിച്ച് ആധികാരികമായ അറിവ് വട്ടശ്ശേരിൽ തിരുമേനിക്ക് ഉണ്ടായിരുന്നു. 'കാത്തിരിപ്പ് ദിവസങ്ങളിൽ വിവാഹം പാടില്ല' എന്ന് 1102 ഇടവം 11-നു കുന്നംകുളം പഴഞ്ഞി പള്ളിയിലെ വൈദികർക്ക് അയച്ച കല്പനയിൽ പരാമർശിക്കുന്നുണ്ട്.

7. അനുരഞ്ജനത്തിന്റെയും, യോജിപ്പിന്റെയും വക്താവായി നിലകൊണ്ടു

1103 മിഥുനം 19-നു തിങ്കളാഴ്ച വട്ടിപ്പണക്കേസ് തിരുമേനിക്ക് അനുകൂലമായി വിധിച്ചു. ഈ വിവരം തന്റെ സഹപ്രവർത്തകരെ അറിയിച്ചു. കേസ് വിജയിച്ചതിലുള്ള സന്തോഷം അറിയിച്ച് അനേകർ തിരുമേനിക്ക് കത്തുകൾ എഴുതി. അതിനെല്ലാം മറുപടിയും തിരുമേനി എഴുതി. 1103 കർക്കിടകം 5-നു

കോട്ടയം പഴയസെമിനാരിയിൽ നിന്നും തൊഴിയൂർ സഭാധ്യക്ഷനായ കൂറിലോസ് മെത്രാന് അയച്ച കത്തിൽ 'വട്ടിപ്പണക്കേസിന്റെ വിധിക്കുശേഷം സമാധാനത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു' എന്ന് എഴുതി. ഔഗേൻ മാർ തീമോത്തിയോസ് വടക്കൻ ഭാഗത്ത് സമാധാന ചർച്ചകൾക്ക് നേതൃത്വം നൽകുന്ന സാഹചര്യമായിരുന്നു ഈ കാലഘട്ടം. കേസ് വിജയിച്ചു എന്നതിന്റെ പേരിൽ വാശി പാടില്ല എന്നും ഐക്യത്തിനായി പരിശ്രമിക്കണം എന്നും തിരുമേനി ഉദ്ബോധിപ്പിച്ചു. ഐക്യത്തിന് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അനിവാര്യമാണ് എന്ന് തിരുമേനിക്ക് ബോധ്യം ഉണ്ടായിരുന്നു. ഇതിലേക്കായി 1103 കർക്കിടകം 31-നും ചിങ്ങം 1-നും മാനേജിംഗ് കമ്മിറ്റി കൂടി.

വട്ടിപ്പണക്കേസ് പരാജയപ്പെട്ടതിലുള്ള പ്രതിഷേധമെന്ന നിലയിൽ 1928 ചിങ്ങത്തിൽ മലങ്കരയിലുള്ള സിറിയൻ ഓർത്തഡോക്സ് സഭയുടെ പ്രതിനിധി ഏലിയാസ് മാർ യൂലിയോസ് വട്ടശ്ശേരിൽ തിരുമേനിയെ സസ്പെൻഡ് ചെയ്തു. എന്നാൽ ഇത്തരത്തിലുള്ള 'മുടക്കും അരമുടക്കും' ഏറെ കണ്ടിട്ടുള്ള വട്ടശ്ശേരിൽ തിരുമേനി ഇതിലൊന്നും ഭയന്നില്ല. 1928 ചിങ്ങം 8-നു വട്ടിപ്പണ പലിശ വാങ്ങി. 1104 ചിങ്ങത്തിൽ കോട്ടയം സെമിനാരിയിൽ നിന്നും മുറന്തൂക്കിൽ മാത്തു കത്തനാർക്ക് എഴുതിയ കത്തിൽ 'എതൃകക്ഷികളുടെ നമ്മോടുള്ള 18 കൊല്ലത്തെ യുദ്ധംകൊണ്ടു നമുക്കു ദൈവകൃപയാൽ യാതൊരു വിഷമവും നേരിട്ടിട്ടില്ലെന്നും ഇപ്പോഴത്തെ അവരുടെ പ്രവൃത്തികൾ ഒരു മാതിരി ചേഷ്ടകളാണെന്നും' പരാമർശിക്കുന്നു.

ഏറെ ഉത്തരവാദിത്വങ്ങൾ വഹിക്കുന്ന പശ്ചാത്തലത്തിലും ദൈവസംസർഗ്ഗത്തിന് ഈ പുണ്യശ്ലോകനായ പിതാവ് സമയം കണ്ടെത്തി. സഭാശുശ്രൂഷ കാര്യക്ഷമതയോടും ഫലപ്രദവുമായി നിർവഹിക്കാൻ ഇത് ഈ പരിശുദ്ധ പിതാവിനെ സഹായിച്ചു. പ്രക്ഷുബ്ധമായ സാഹചര്യങ്ങളിൽ മലങ്കരസഭയെ ഭാഗ്യമോടെ നയിക്കാൻ ആധ്യാത്മിക ചൈതന്യം തിരുമേനിയെ സഹായിച്ചു. മലങ്കരസഭയുടെ ഈ ശ്രേഷ്ഠ മഹാപുരോഹിതന്റെ മധ്യസ്ഥത തുണയും കോട്ടയുമായി നിലകൊള്ളട്ടെ.

ലേഖനം

വി. വിവാഹ കൂദാശ

ഫാ. ഡോ. ഒ. തോമസ്

കുടുംബം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതാണ്. ഒരു കുടുംബത്തിന്റെ ആരംഭം കുറിക്കുന്നത് വിവാഹ കൂദാശയിലൂടെയാണ്. രാജ്യത്തിന്റെ നിയമപ്രകാരം 18 വയസ്സുള്ള സ്ത്രീയും 21 വയസുള്ള പുരുഷനും പരസ്പരസമ്മത പ്രകാരം വിവാഹത്തിലേർപ്പെടാനും അവർക്ക് ഭാര്യാഭർത്താക്കന്മാർ എന്ന നിലയിലുള്ള നിയമപരിരക്ഷ ലഭിക്കുവാനും അവകാശമുണ്ട്. എന്നാൽ സഭയുടെ കാഴ്ചപ്പാടിൽ അവർ ഭാര്യാഭർത്താക്കന്മാർ ആകുന്നില്ല. ആദ്യ മാതാപിതാക്കളെപ്പോലെ ദൈവം കൂട്ടി യോജിപ്പിക്കുമ്പോഴാണ് അവർ യഥാർത്ഥത്തിൽ ഭാര്യാഭർത്താക്കന്മാരാകുന്നത്. അത് വിവാഹത്തിലൂടെയാണ് നടക്കുന്നത്. തന്മൂലം വിവാഹം ഒരു കൂദാശയാണ്.

വിവാഹ കൂദാശയ്ക്ക് രണ്ട് ഭാഗങ്ങളാണ് ഉള്ളത്.

1. മോതിരം വാഴ്വിന്റെ ക്രമം 2. കിരീടം വാഴ്വിന്റെ ക്രമം.

മോതിരം വാഴ്വ്

വിവാഹകൂദാശയുടെ ഒന്നാം ഭാഗമാണ് മോതിരം വാഴ്വ്. സഭയുടെ പഠിപ്പിക്കലുകളിൽ ദൈവാലയത്തിൽ വച്ചാണ് വിവാഹനിശ്ചയം പൂർത്തിയാകുന്നത്. മോതിരം വാഴ്വ് എന്ന ശുശ്രൂഷയിലൂടെ കാർമ്മികൻ ആശീർവദിച്ച മോതിരങ്ങൾ വധൂവരന്മാരെ അണിയിക്കുന്നു. ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ വിവാഹമെന്നത് സ്ത്രീയും പുരുഷനും തമ്മിലുള്ള ഉടമ്പടിയല്ല. ദൈവവും, പുരുഷനും, സ്ത്രീയുമെന്ന മൂന്നുപേരുള്ള ഒരു ഉടമ്പടിയാണ്. ഇത് ദൈവിക തീരുമാനമാണ്. കാർമ്മികൻ ദൈവത്തിന്റെ പ്രതിപുരുഷനായി നിന്നുകൊണ്ട് ഈ ദൈവീകതീരുമാനം നടപ്പാക്കുന്നു.

കിരീടം വാഴ്വ്

വിവാഹ കൂദാശയിലെ രണ്ടാംഭാഗമാണ് കിരീടം വാഴ്വിന്റെ ക്രമം. ഇതാണ് വിവാഹ കൂദാശയുടെ പ്രധാനഭാഗം. വേദവായനകൾ ഒക്കെയും ഈ ഭാഗത്താണ് ഉള്ളത് വേദവായനകൾക്ക് ശേഷം കിരീടം വാഴ്ത്തി വധൂവരന്മാരെ അണിയിക്കുന്നു. സാധാരണയായി കുരിശുമാലയാണ് നാം ഉപയോഗിക്കുന്നത്. തുടർന്ന് മിന്നുകെട്ടുന്നു. ഉടമ്പടിയുടെ പൂർത്തീകരണമായ മിന്നു കെട്ടിയതിന്ശേഷം മന്ത്രകോടി വധുവിനെ അണിയിക്കുന്നു. വിവാഹകൂദാശയുടെ സമാപനമായി കാർമ്മികൻ വരന്റെയും വധുവിന്റെയും വലതുകൈപ്പത്തികൾ ചേർത്തുപിടിച്ച് അന്യോന്യം ഭരമേൽപിക്കുന്നു. തുടർന്ന് വധുവരന്മാർക്കും ദൈവാലയത്തിൽ സന്നിഹിതരായിരിക്കുന്ന സകലർക്കും അനുഗ്രഹങ്ങൾ നേരുന്നു. ധൂപപ്രാർത്ഥനയോടുകൂടി വിവാഹകൂദാശ സമാപിക്കുന്നു. അതിനുശേഷം വധൂവരന്മാരും സാക്ഷികളും വിവാഹരജിസ്റ്ററിൽ ഒപ്പുവയ്ക്കുന്നു.



1. വിവാഹം എന്നാൽ എന്ത്?

പൊതുവായി വിവാഹം എന്നത് പ്രകൃതിയുടെ ക്രമീകരണമാണ്. എന്നാൽ പ്രകൃതിയുടെ ക്രമീകരണത്തെ ഇണചേരൽ എന്ന തലത്തിൽ മാത്രമേ അവതരിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ക്രിസ്തീയ വേദശാസ്ത്ര സങ്കൽപത്തിൽ വിവാഹം ദൈവസൃഷ്ടിയാണ്, അത് ഒരു കൂദാശയാണ്. കൂദാശയായതിനാൽ പുരുഷനും സ്ത്രീയും തമ്മിലുള്ള കരാർ അല്ല. പുരുഷനെയും സ്ത്രീയെയും ദൈവം കൂട്ടിചേർക്കുന്നു അവർ ഒന്നാകുന്നു. അത് ഒരു ഉടമ്പടിയാണ്. ദൈവം മദ്ധ്യസ്ഥനായുള്ള ഒരു ഉടമ്പടി. ആ ഉടമ്പടി നിർമ്മിക്കുന്നത് വിവാഹ കൂദാശയിലൂടെയാണ്. അതിനാൽ വിവാഹത്തിന്റെ കൗദാശികമായ മൂല്യം വളരെ വലുതാണ്, പ്രധാനപ്പെട്ടതാണ്.

2. വിവാഹ നിശ്ചയത്തിനുള്ള തയ്യാറെടുപ്പുകൾ, നടപടികൾ ഏവ? വിവാഹ നിശ്ചയ സമയത്ത് വധൂവരന്മാരെ ഒന്നിച്ചിരുത്തുന്നതിന് അനുവാദമുണ്ടോ?

പങ്കാളിയെ കണ്ടെത്തുന്നതിൽ പ്രധാനപ്പെട്ടതാണ് വിശ്വാസപരമായി ഐക്യമുള്ള സഭാംഗത്തെ കണ്ടെത്തുക എന്നത്. അതോടൊപ്പം കുടുംബം, സാമ്പത്തികം, വിദ്യാഭ്യാസം തുടങ്ങിയ തലങ്ങളിലും സമാനതകൾ ഉണ്ടായിരിക്കണം.

വിവാഹ നിശ്ചയം – വിവാഹ നിശ്ചയത്തിൽ ഏറ്റവും അടുത്ത കുടുംബാംഗങ്ങൾ മാത്രം പങ്കെടുക്കുന്ന രീതിയായിരുന്നു മുൻപ് ഉണ്ടായിരുന്നത്. ഇരു കുടുംബത്തിലെയും അംഗങ്ങൾ തമ്മിൽ കൂടുതൽ പരിചയപ്പെടുന്നതിന് അത് സഹായിച്ചിരുന്നു. എന്നാൽ ഇന്ന് വിവാഹ നിശ്ചയം വിപുലമായ ഒരു ചടങ്ങായി മാറിയിരിക്കുന്നു.

വിവാഹ നിശ്ചയത്തിന്റെ ചടങ്ങുകൾ:– വധുവിന്റെ ഭവനത്തിലാണ് നിശ്ചയത്തിന്റ ചടങ്ങുകൾ നടക്കുക, ചടങ്ങിൽ സന്നിഹിതരായിരിക്കുന്നവരോട് വധുവിന്റെ കുടുംബത്തിലെ മുതിർന്ന ആൾ വിളിച്ചു ചേർത്തതിന്റെ കാര്യം അവതരിപ്പിക്കുന്നു. തുടർന്ന് വധൂവരൻമാരെയും കുടുംബാംഗങ്ങളെയും പരിചയപ്പെടുത്തുന്നു. അതിനുശേഷം വരന്റെ കുടുംബത്തിലെ മുതിർന്ന ആൾ വിവാഹം നിശ്ചയിച്ചിരിക്കുന്ന ദിവസവും സ്ഥലവും സമയവും പ്രഖ്യാപിച്ച് അംഗീകാരം നേടുന്നു. അതിനുശേഷം വിളിച്ചുചൊല്ലുകുറി ഇരുകുടുംബങ്ങൾ തമ്മിൽ കൈമാറുന്നു. വിവാഹനിശ്ചയത്തിന്റെ സമയത്ത് വധൂവരന്മാരെ ഒന്നിച്ച് ഇരുത്തണ്ട എന്ന തീരുമാനം സഭ സ്വീകരിച്ചിരിക്കുന്നു. കാരണം വിവാഹിതരായവരെപോലെ അവർ പെരുമാറുന്ന രീതി നിലവിൽ വന്നതുകൊണ്ടാണ് ഇപ്രകാരം ഒരു തീരുമാനം സ്വീകരിച്ചിരിക്കുന്നത്. അതായത് വിവാഹത്തിന് മുമ്പ് പരസ്പരം അറിയുന്നതും മനസ്സിലാക്കുന്നതും തെറ്റല്ല എങ്കിലും വിവാഹത്തിന് മുമ്പ് ഒരു സംയമനം പാലിക്കുന്നത് നല്ലതാണ്.

3. വിവാഹത്തിന് മുൻപുള്ള തയ്യാറെടുപ്പുകൾ ഏവ?

ഒന്നാമതായി വിവാഹം പള്ളിയിൽ പരസ്യമായി വിളിച്ചുചൊല്ലുന്നതിനുവേണ്ടിയുള്ള അപേക്ഷ ഫോം പൂരിപ്പിച്ച് നൽകണം. വധുവിന്റെ ഭവനക്കാർ വരന്റെ ഇടവകയിൽ നൽകുവാനുള്ള ദേശക്കുറി വാങ്ങിയിരിക്കണം. മന്ത്രകോടി, താലി, വാഴ്ത്തുവാനുള്ള മാല, മോതിരം എന്നിവ തയ്യാറാക്കി വയ്ക്കണം. വരനും വധുവും വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിച്ചിരിക്കണം. സഭയുടെ പുതിയ തീരുമാനം അനുസരിച്ച് പ്രീമാരിറ്റൽ കൗൺസലിംഗിൽ പങ്കെടുത്തിരിക്കണം. പള്ളി വരുമാനങ്ങൾ, മാസവരി, സംഭാവനകൾ, ഗായകസംഘം, വീഡിയോ മുതലായവയുടെ ഫീസ് എന്നിവ നൽകിയിരിക്കണം.

4. വിവാഹം വിളിച്ചുചൊല്ലുന്നതിന് വേണ്ട രേഖകൾ ഏവ?

വിളിച്ചുചൊല്ലേണ്ട പള്ളികളിൽ വിവാഹത്തെക്കുറിച്ച് വികാരിമാരെ അറിയിച്ചതിന് ശേഷം വിളിച്ചു ചൊല്ലുന്നതിനു ക്രമീകരിച്ചിരിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച് വധുവിന്റെ ഇടവകയിലെ ഫോം വരന്റെ ഇടവകയിലും വരന്റെ ഇടവകയിലെ ഫോം വധുവിന്റെ ഇടവകയിലും നൽകണം. പള്ളികളുടെ ക്രമീകരണം അനുസരിച്ച് ഒന്നോ രണ്ടോ ആഴ്ചകളിലായി വിളിച്ചുചൊല്ലുന്നു.

5. വിവാഹകൂദാശയിൽ നൽകേണ്ട രേഖകൾ ഏവ?

വരന്റെ ഇടവകയിൽ വച്ച് നടക്കുന്ന വിവാഹത്തിന് വധുവിന്റെ പള്ളിയിൽ നിന്നുള്ള ദേശകുറി നിർബന്ധമായും നൽകിയിരിക്കണം. ഓർത്തഡോക്സ്/യാക്കോബായ അല്ലാത്ത ദേശകുറി നൽകാത്ത സഭകളിൽ നിന്നാണ് വധുവെങ്കിൽ 100/-രൂപ പത്രത്തിൽ സമ്മതപത്രം തയ്യാറാക്കി നൽകണം.

6. മറ്റ് സഭാംഗങ്ങളെയോ മറ്റ് മതത്തിൽപ്പെട്ടവരെയോ വിവാഹത്തിലൂടെ സ്വീകരിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏവ?

യാക്കോബായ സഭ ഒഴിച്ച് മറ്റ് സഭകളിൽപ്പെട്ടവരെ ഓർത്തഡോക്സ് സഭയിൽ ചേർത്ത് അംഗമാക്കിയതിന് ശേഷമാണ് വിവാഹം നടത്തുന്നത്. കത്തോലിക്കാ സഭാംഗത്തെ കുമ്പസാരവും, വി. കുർബാനാനുഭവും നൽകി സഭയിൽ ചേർക്കുന്നു. മാർത്തോമ്മാ, സി.എസ്.ഐ, പെന്തക്കോസ്തു മുതലായ സഭാംഗങ്ങളിൽ മാർത്തോമ്മാ, സി.എസ്.ഐ എന്നീ സഭകളിൽപ്പെട്ടവർക്ക് വി. മൂറോൻ അഭിഷേകവും, കുമ്പസാരവും, വി.കുർബാനാനുഭവവും നടത്തി സഭയിൽ ചേർക്കുന്നു. ഓർത്തഡോക്സ് സഭാംഗമായിരുന്ന വ്യക്തി പെന്തക്കോസ്തു സഭയിൽ പോയി തിരിച്ചുവരുമ്പോൾ കുമ്പസാരവും വി. കുർബാനാനുഭവവും പ്രായശ്ചിത്തവും നടത്തി സഭയിൽ ചേർക്കുന്നു.

പെന്തക്കോസ്തു സഭാംഗത്തെയും ഇതരമതത്തിൽപ്പെട്ടവരെയും വി. കുമ്പസാരം, മാമോദിസാ. വി. കുർബാനാനുഭവം എന്നിവ നൽകിയും മുദ്രപത്രത്തിൽ സ്വമനസാലെ മതം മാറുന്നു എന്ന് എഴുതിവാങ്ങിക്കുകയും ചെയ്ത് സഭാംഗമാക്കണം.

7. വിവാഹ കൂദാശയിൽ കിരീടം വാഴ്വിന്റെ സമയത്ത് വധുവിന്റെ തലയിൽ നിന്ന് മൂടുപടം മാറ്റുന്നത് എന്തിന്?

കിരീടം വാഴ്ത്തി ഇടുവിക്കുവാനും മിന്നുകെട്ടുവാനുള്ള സൗകര്യത്തിന് വേണ്ടിയാണ്.

8. പാരമ്പര്യമായി എവിടെ വച്ചാണ് വിവാഹകൂദാശ നടത്തേണ്ടത്?

വരന്റെ ഇടവകയിൽ.

9. വിവാഹം നടക്കാതിരിക്കാനുള്ള കാനോനിക തടസങ്ങൾ ഏവ?

മുമ്പ് വിവാഹിതരായിരിക്കുന്നവർ, വിവാഹം നടത്താൻ സഭ അനുവദിക്കാത്തദിവസങ്ങൾ, പ്രായപൂർത്തിയാകാത്തവർ തമ്മിലുള്ളത് (വരൻ 21, വധു 18), രക്തബന്ധം ഉള്ളവർ തമ്മിൽ (6, 7 തലമുറവരെ വിവാഹബന്ധം അനുവദിക്കുന്നില്ല), മാനസികരോഗം.

10. വിവാഹത്തിനായി പള്ളിയിലേക്ക് പ്രവേശിക്കുന്നതിനുള്ള ക്രമീകരണം എന്താണ്?. ആര് ആദ്യം പ്രവേശിക്കണം?

മണവാട്ടി ആദ്യം പ്രവേശിച്ച് മണവാളനായി കാത്തിരിക്കുന്ന ഒരു പാരമ്പര്യമാണ് സഭയ്ക്ക് ഉള്ളത്. എന്നാൽ ഇന്ന് പലപ്പോഴും വരനും വധുവും ഒന്നിച്ചാണ് ദൈവാലയത്തിലേക്ക് പ്രവേശിക്കുന്നത്.

11. മോതിരവും മന്ത്രകോടിയും കാർമ്മികൻ അണിയിക്കുന്നത് എന്തുകൊണ്ട്?

വിവാഹം പുരുഷനും സ്ത്രീയും തമ്മിലുള്ള ഒരു കരാറല്ല മറിച്ച് പുരുഷനും സ്ത്രീയും ദൈവവും ചേർന്നുള്ള പിരിയാനാവാത്ത ഒരു ഉടമ്പടി ബന്ധമാണ്. സഭയിലൂടെ ആണ് ദൈവം കൂട്ടിചേർക്കുന്നത്. അതിനാൽ പരസ്പരം സ്വീകരിക്കുന്നതിന് പകരം ദൈവത്തിന്റെ പ്രതിനിധിയായി കാർമ്മികൻ ആശീർവദിക്കപ്പെട്ട മോതിരങ്ങളും മന്ത്രകോടിയും അണിയിക്കുന്നു.

12. താലി (മിന്ന്) യുടെ സാംഗത്യം എന്ത്?

ഭാരതീയ സംസ്കാരത്തിൽ സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും പവിത്രമായി കരുതുന്ന ഒന്നാണ് താലി എന്നത്. പണ്ടുകാലത്ത് താലി കെട്ടിയ പുരുഷൻ എന്നാണ് ഭർത്താവിനെ വിശേഷിപ്പിച്ചിരുന്നത്. ഭാരതീയ സംസ്കാരത്തിലെ വിവാഹാചാരത്തിലുള്ള താലി എന്ന ആചാരം ക്രൈസ്തവവത്കരിച്ചതാണ് ഇന്ന് നാം ഉപോഗിക്കുന്ന മിന്ന്. ഹൈന്ദവാചാരത്തിൽ അത് ആലിലയുടെ ആകൃതിയിൽ ഉപയോഗിക്കുന്നു. എന്നാൽ നമ്മൾ അതിൽ സ്ലീബായുടെ ആകൃതിയും കൂട്ടിചേർത്ത് ഉപയോഗിക്കുന്നു. താലി കെട്ടുന്നതിനുള്ള ചരട് മന്ത്രകോടിയിൽനിന്ന് 6 നൂലുകളുടെ കൂടെ ഒരു സാധാരണ നൂലും ചേർത്ത് പിരിച്ച് പശചേർത്ത് ഒറ്റനൂലാക്കിയാണ് നിർമ്മിക്കുന്നത്.

13. മെത്രാപ്പോലിത്തന്മാർ എന്തുകൊണ്ടാണ് താലികെട്ടിക്കാത്തത്?

മുൻകാലങ്ങളിൽ വിദേശത്തുനിന്ന് ഉള്ള മെത്രപ്പോലിത്തന്മാർ ഇവിടെ കടന്നുവരികയും വിവാഹശുശ്രൂഷ നടത്തുകയും ചെയ്തിരുന്നു. എന്നാൽ താലി കെട്ടുക എന്നത് തികച്ചും ഭാരതീയ പാരമ്പര്യമായതിനാൽ അവർ ആ സമയത്ത് താലികെട്ടിക്കുവാനുള്ള ചുമതല വൈദികർക്ക് നൽകി. അത് ഇന്നും തുടർന്നു പോരുന്നു എന്നു മാത്രം.

14. വി. വിവാഹ കൂദാശയിൽ വി. മദ്ബഹാ തുറക്കേണ്ടത് എപ്പോഴാണ്?

വധൂവരന്മാർ പള്ളിയകത്ത് പ്രവേശിക്കുമ്പോൾ വി. മദ്ബഹാ തുറന്നിരിക്കണം.

15. മറ്റ് ഇടവകകളിൽ വച്ച് വിവാഹം നടത്തുന്നതിന് വേണ്ട നടപടി ക്രമങ്ങൾ ഏവ?

പാരമ്പര്യമായി വരന്റെ ഇടവകയിൽ വച്ചാണ് വിവാഹം നടത്തേണ്ടത്. എന്നാൽ ഇന്ന് സൗകര്യാർത്ഥം മറ്റ് ദൈവാലയങ്ങളിൽ വച്ച് നടത്തുന്നുണ്ട്. മറ്റ് ഇടവകകളിൽ വച്ച് നടത്തുമ്പോൾ സാധാരണയായി വരന്റെ ഇടവക വികാരിയുടെ കത്തും ദേശകുറിയുടെ പകർപ്പും നൽകിയാൽ മതിയാകും. ആ ഇടവകയിലെ വിവാഹ രജിസ്ട്രറിൽ ആണ് ചേർക്കുന്നതെങ്കിൽ ആ വികാരി

യിൽനിന്ന് വിവാഹസർട്ടിഫിക്കറ്റ് വാങ്ങി വരന്റെ ഇടവകയിലെ വിവാഹരജിസ്ട്രറിൽ ചേർക്കുകയും വേണം.

16 ഇതര സഭകളിലേക്ക് വിവാഹം കഴിപ്പിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഏവ?

നമ്മുടെ സഭയുമായി വി. കുർബാന സംസർഗ്ഗമില്ലാത്ത സഭകളിലേക്ക് വിവാഹം കഴിപ്പിക്കുവാൻ സഭ അനുവദിക്കുന്നില്ല. മറ്റ് സഭകളിലേക്ക് ദേശകുറി നൽകാറില്ല. പകരം വികാരിയുടെ ഒരു സാക്ഷ്യപത്രം നൽകുകയാണ് നിലവിലുള്ളത്.

17. വിവാഹ മോചനവും പുനർവിവാഹവും സഭ അനുവദിച്ചിട്ടുണ്ടോ?

പങ്കാളി മരണപ്പെട്ടാൽ മാത്രമേ പുനർവിവാഹം അനുവദിച്ചിട്ടുള്ളൂ. വിവാഹമോചനം സഭ അനുവദിച്ചിട്ടില്ല. എന്നാൽ നിയമപരമായി കോടതിയിൽ നിന്ന് വിവാഹമോചനം നൽകപ്പെട്ടാൽ പ. കാതോലിക്കാ ബാവാ തിരുമനസിന് മുമ്പിൽ കോടതി രേഖകൾ ഉൾപ്പടെ അപേക്ഷ സമർപ്പിക്കുകയും തിരുമേനി അപേക്ഷ പരിഗണിച്ച് നിശ്ചിതസമയത്തിന് ശേഷം അനുവാദകല്പന നൽകിയാൽ വീണ്ടും വിവാഹം കഴിക്കാം.

പുനർവിവാഹത്തിന് പ്രത്യേക ശുശ്രൂഷയാണ് ഉള്ളത്. ആദ്യ വിവാഹത്തിൽ മോതിര വാഴ്വും കിരീടം വാഴ്വും സ്വീകരിച്ചിട്ടുള്ളതിനാൽ അവ വീണ്ടും ആവർത്തിക്കുന്നില്ല.

18. വിവാഹ കൂദാശയിൽ വരനും വധുവും പാദരക്ഷകൾ ധരിക്കുന്നത് എന്തിന്?

വിവാഹ കൂദാശയിലെ പ്രധാന വ്യക്തികളാണ് വരനും വധുവും. വധൂവരന്മാർ രാജ്ഞിയും രാജാവുമായിട്ടാണ് വിവാഹ കൂദാശയിലൂടെ ആയിത്തീരുന്നത്. അതിനാൽ അവർ സർവ്വാഭരണവിഭൂഷിതരായിവേണം കൂദാശയിൽ പങ്കുകൊള്ളാൻ. അതുകൊണ്ടാണ് ചെരിപ്പ് ഉപയോഗിക്കുന്നത്.

19. ഞായർ, തിങ്കൾ ഒഴികെ ഉള്ള ദിവസങ്ങളിൽ വിവാഹത്തിന് പ്രത്യേക അനുവാദം വേണമെന്ന് പറയുന്നത് എന്തുകൊണ്ട്?

നോമ്പ് ഒഴികെയുള്ള ഞായർ, തിങ്കൾ ദിവസങ്ങളിലെ വിവാഹം നടത്തുവാൻ സഭ അനുവദിക്കുന്നുള്ളൂ. ബുധൻ, വെള്ളി ദിവസങ്ങൾ നോമ്പു ദിവസങ്ങളായതുകൊണ്ടും ചൊവ്വാ, വ്യാഴം എന്നിവ നോമ്പിന്റെ തലേ ദിവസങ്ങളായതിനാലും അനുവദിക്കുന്നില്ല. ശനിയാഴ്ച പ. കാതോലിക്കാ ബാവാ തിരുമേനിയുടെ അനുവാദപ്രകാരം വിവാഹം നടത്താവുന്നതാണ്.

20. വിവാഹം നടത്തുവാൻ അനുവാദം ഇല്ലാത്ത ദിവസങ്ങൾ ഏവ?

കാനോനിക നോമ്പുകൾ, നോമ്പ് ആരംഭിക്കുന്നതിന്റെ തലേദിവസം, ഞായർ, തിങ്കൾ ഒഴികെയുള്ള ദിവസങ്ങൾ, സ്വർഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങൾ എന്നീ ദിവസങ്ങളിൽ വിവാഹം അനുവദിക്കപ്പെട്ടിട്ടില്ല.

21. വിവാഹത്തിന് വധുവരന്മാർ ധരിക്കുന്ന വസ്ത്രങ്ങളെപ്പറ്റി എന്തെങ്കിലും കാനോനികമായ നിർദ്ദേശങ്ങൾ ഉണ്ടോ. ഉണ്ടെങ്കിൽ ഏവ?

ദൈവിക സാന്നിധ്യം ഉള്ളതിനാലും ഇത് ഒരു കൂദാശ ആയതിനാലും മാന്യമായ വസ്ത്രം ധരിക്കണം. ഭൗതികമായ ഫാഷൻ പ്രകടമാകുന്ന വസ്ത്രങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്.

22. വിവാഹം നിയമപരമായി രജിസ്റ്റർ ചെയ്യണമോ?

നിർബന്ധമായും വേണം. വിവാഹശേഷം പള്ളിയിൽ നിന്നുള്ള വിവാഹ സർട്ടിഫിക്കറ്റും വാങ്ങി രജിസ്ട്രാർ ആഫീസിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്യണം.



കോട്ടയം വൈദീക സെമിനാരിയിലെ 1982-1986 'കൊയ്നോണിയ' ബാച്ച് ജോഷ്വാ മാർ നിക്കോദിമോസിന്റെ നേതൃത്വത്തിൽ കോർഎപ്പിസ്കോപ്പ അച്ചന്മാരും, വൈദിക ശ്രേഷ്ഠരും, കൊച്ചമ്മമാരും അടങ്ങുന്ന സംഘം കുന്നംകുളം അഭയ ഭവൻ സന്ദർശിച്ചു പ്രാർത്ഥനകൾക്കു നേതൃത്വം നൽകി.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



ആസ്നത്ത്



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

യോസേഫിന്റെ ഭാര്യ ആസ്നത്തിനെക്കുറിച്ച് ഉല്പത്തി പുസ്തകത്തിൽ താരതമ്യേന വളരെ കുറച്ച് മാത്രമേ പരാമർശിക്കുന്നുള്ളൂ. ഉല്പത്തി 41:45, 50 52-ൽ സംക്ഷിപ്തമായി പരാമർശിച്ചിരിക്കുന്ന ആസ്നത്തിനെ ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകളായും യോസേഫിന്റെ രണ്ട് ആൺമക്കളായ മനശ്ശെയുടെയും എഫ്രയീമിന്റെയും അമ്മയായും വിശേഷിപ്പിക്കുന്നു. ബൈബിളിൽ അവളേക്കുറിച്ച് വിരളമായ പരാമർശങ്ങളേ ഉള്ളൂ എങ്കിലും, ആസ്നത്തിന്റെ കഥാപാത്രം ജൂത, ക്രിസ്ത്യൻ പാരമ്പര്യങ്ങളിൽ, പ്രധാന പങ്ക് വഹിക്കുന്നു. ബൈബിൾ വാക്യങ്ങൾ അവളുടെ വ്യക്തിത്വത്തെക്കുറിച്ചോ മതപരമായ ചായ്‌വുകളെക്കുറിച്ചോ ഒന്നും പറയുന്നില്ലെങ്കിലും, യോസേഫുമായുള്ള അവളുടെ ഐക്യത്തിനും എഫ്രയീമിന്റെയും മനശ്ശെയുടെയും അമ്മ എന്ന നിലയിലുള്ള അവളുടെ പങ്കിനും ഏറെ പ്രാധാന്യമുണ്ട്. ഈ പുത്രന്മാർ പിന്നീട് ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ രണ്ടെണ്ണത്തിന്റെ ഗോത്രപിതാക്കന്മാരായി മാറി, ഇത് ആസ്നത്തിന്റെ വംശപരമ്പരയും സ്വഭാവവും വിശാലമായ ദൈവശാസ്ത്ര ചട്ടക്കൂടിനുള്ളിൽ ആത്മീയമോ പ്രതീകാത്മകമോ ആയ മൂല്യം പുലർത്തിയിരിക്കണമെന്ന് സൂചിപ്പിക്കുന്നു. ഒരു ഈജിപ്ഷ്യൻ സ്ത്രീ, ഒരു പക്ഷേ ഒരു മുൻ വിജാതീയ സ്ത്രീ, എബ്രായ പിതൃാധിപത്യ പാരമ്പര്യത്തിന്റെ ഭാഗമായി മാറുന്നത്, പ്രധാനപ്പെട്ട ദൈവശാസ്ത്രപരവും പ്രതീകാത്മകവുമായ ചോദ്യങ്ങൾ ഉയർത്തുന്നു. സംസ്കാരങ്ങൾക്കും മതങ്ങൾക്കും ഇടയിലുള്ള ഒരു പാലമായി ആസ്നത്ത് പ്രവർത്തിക്കുന്നു.

അവളുടെ ഏറ്റവും ശ്രദ്ധേയമായ പരാമർശം ഉല്പത്തി 41:45-ലാണ്, അവിടെ രാജാവിന്റെ സ്വപ്നങ്ങൾ വ്യാഖ്യാനിക്കുകയും ഈജിപ്തിൽ ഒരു ഉന്നത സ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്ത ശേഷം പുരാതന ഈജിപ്ഷ്യൻ സമൂഹത്തിലെ ഒരു പ്രധാന മത വ്യക്തിത്വമായ ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകളെ ഫറവോൻ യോസേഫിന് ഭാര്യയായി നൽകുന്നു. ഈ വിവാഹം രാഷ്ട്രീയമായും സാമൂഹികമായും തന്ത്രപരമാണ്, യോസേഫിനെ ഈജിപ്ഷ്യൻ പ്രഭുക്കന്മാരുമായി സംയോജിപ്പിക്കുകയും തന്റെ പുതിയ അധികാര സ്ഥാനത്ത് അദ്ദേഹത്തിന്റെ നിയമസാധുത സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള ഫറവോന്റെ മുന്നൊരുക്കമായി ഇതിനെ കരുതാം.

ആസ്നത്ത് ബാഹ്യ സൗന്ദര്യത്തിന്റെയും ആന്തരിക സദ്ഗുണത്തിന്റെയും സമന്വയത്തെ പ്രതിനിധീകരിക്കുന്നു, മാന്യമായ ഒരു പശ്ചാത്തലം മാത്രമല്ല, ആഴത്തിലുള്ള ആത്മീയ പരിവർത്തനത്തിന്റെ ഒരു യാത്രയും അവൾക്കുണ്ട്. എളിമയാൽ അലങ്കരിച്ച സൗന്ദര്യത്തെയും, വിനയത്താൽ സന്തുലിതമായ ബുദ്ധിശക്തിയെയും, വിഗ്രഹാരാധന ഉപേക്ഷിച്ച് ഏക സത്യദൈവത്തിലുള്ള വിശ്വാസം സ്വീകരിക്കാൻ അവളെ അനുവദിച്ച ഒരു ആത്മീയ ദൃഢനിശ്ചയത്തെയും അവളുടെ സ്വഭാവം പ്രതിഫലിപ്പിക്കുന്നു.

1. സൗന്ദര്യവും എളിമയും

വിശുദ്ധ വേദപുസ്തകത്തിൽ ആസ്നത്തിനെക്കുറിച്ച് കൂടുതലൊന്നും വെളിപ്പെടുത്തുന്നില്ലെങ്കിലും അപ്പോക്രിഫൽ സാഹിത്യത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട്. അതിൽ ഉൾപ്പെടുന്നതും ബി.സി. ഒന്നാം നൂറ്റാണ്ടിനും എ.ഡി. രണ്ടാം നൂറ്റാണ്ടിനും ഇടയിൽ എഴുതിയതുമായ ജൂത ഗ്രന്ഥമായ ജോസഫും ആസ്നത്തും എന്ന വിവരണത്തിൽ ആദ്യമായി എടുത്തു കാണിക്കപ്പെടുന്നത് ആസ്നത്തിന്റെ സൗന്ദര്യമാണ്. അവളുടെ ശാരീരിക രൂപത്തെ അതിമനോഹരമായി അതിൽ വിവരിക്കുന്നു. അവളെ പ്രകാശമാനയായും, സുന്ദരയായും, രാജകീയമായും ചിത്രീകരിച്ചിരിക്കുന്നു. ഉല്പത്തി പുസ്തകത്തിൽ അവളുടെ രൂപഭാവം വിശദീകരിക്കുന്നില്ലെങ്കിലും, ഫറവോൻ അവളെ വലിയ ജ്ഞാനിയും ഉയർന്ന പദവിയുമുള്ള യോസേഫിന് ഭാര്യയായി തിരഞ്ഞെടുത്തു എന്ന വസ്തുത സൂചിപ്പിക്കുന്നത് അവൾ കുലീനയായ ഒരു വ്യക്തിയായിരുന്നുവെന്നും ഒരുപക്ഷേ ആകർഷകമായി കണക്കാക്കപ്പെടുന്നവളാണെന്നും സൂചിപ്പിക്കുന്നു. പുരാതന സന്ദർഭങ്ങളിൽ, സൗന്ദര്യം പലപ്പോഴും കുലീനതയുമായും സദ്ഗുണവുമായും ബന്ധപ്പെട്ടിരുന്നു.

എന്നിരുന്നാലും, വശീകരിക്കുന്നതിനോ സ്വയം മഹത്വപ്പെടുത്തുന്നതിനോ ഉള്ള ഒരു ഉപകരണമായി അവളുടെ സൗന്ദര്യം അവതരിപ്പിക്കപ്പെടുന്നില്ല; മറിച്ച്, ആഴത്തിലുള്ള എളിമയാൽ അത് മനോഹരമാകുന്നു.

ആസ്നത്തിത്ത് യോസേഫിനെ കണ്ടുമുട്ടുമ്പോൾ ഈ എളിമ ചിത്രീകരിക്കപ്പെടുന്നു. തുടക്കത്തിൽ, ഒരു ഈജിപ്ഷ്യൻ പുരോഹിതന്റെ മകൾ എന്ന നിലയിൽ അവളുടെ കുലീനമായ ജനനത്തിലും പദവിയിലും അവൾ അഭിമാനിക്കുന്നു. എന്നിരുന്നാലും, യോസേഫിനെ കണ്ടുമുട്ടുകയും അവൻ പ്രതിനിധീകരിക്കുന്ന പരിശുദ്ധിയും വിശുദ്ധിയും തിരിച്ചറിയുമ്പോൾ, അവൾ സ്വന്തം ആത്മീയ പോരായ്മകളെക്കുറിച്ച് ആഴത്തിൽ ബോധവതിയാകുന്നു. അവൾ ദുഃഖത്തിലും പശ്ചാത്താപത്തിലും പിൻവാങ്ങുന്നു, ചാക്കുതുണിയും ചാരവും ധരിച്ച്, ഭക്ഷണം നിരസിക്കുന്നു, കരുണയ്ക്കായി യോസേഫിന്റെ ദൈവത്തോട് നിലവിളിക്കുന്നു. സ്വയം താഴ്ത്തിക്കെടുന്ന ഈ പ്രവൃത്തി തെളിയിക്കുന്നത് അവളുടെ സൗന്ദര്യം ഒരിക്കലും ഒരു മായയുടെ ഉറവിടമായിരുന്നില്ല, മറിച്ച് അവളുടെ ആത്മീയ ഉണർവിന് വിധേയമായ അവളുടെ വ്യക്തിത്വത്തിന്റെ ഒരു ഘടകമായിരുന്നു എന്നാണ്.

ഈ പരിവർത്തനം അവളുടെ 'സൗന്ദര്യം' ധാർമ്മികവും ആത്മീയവുമായ അർത്ഥത്തിൽ വർദ്ധിപ്പിക്കുന്നു. ബൈബിൾ ചിന്തയിൽ, യഥാർത്ഥ സൗന്ദര്യം പലപ്പോഴും നീതി, വിനയം, കർത്താവിനോടുള്ള ഭയം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു (സദൃശവാക്യങ്ങൾ 31:30).

ഇസ്രായേലിന്റെ ഉടമ്പടി കുടുംബത്തിൽ വിജാതീയരുടെ ഉൾപ്പെടുത്തലിന്റെ പ്രതീകമായി അവൾ മാറുന്നു, യഥാർത്ഥ സൗന്ദര്യം ആന്തരിക പരിവർത്തനത്തിൽ നിന്നും വിശ്വസ്തതയിൽ നിന്നുമാണ് വരുന്നതെന്ന ആസ്നത്തിന്റെ ജീവിതം സാക്ഷീകരിക്കുന്നു.

2. പാരമ്പര്യത്തിനപ്പുറമുള്ള ജ്ഞാനം

ഒരു മഹാപുരോഹിതന്റെ മകളായതിനാൽ, ആസ്നത്തിന് ശക്തമായ വിദ്യാഭ്യാസം ലഭിക്കുകയും ഈജിപ്ഷ്യൻ സംസ്കാരത്തിലും മതപരമായ ആചാരങ്ങളിലും നല്ല അറിവുണ്ടായിരിക്കുകയും ചെയ്തിരിക്കാം. അവൾ ഉയർന്ന വിദ്യാഭ്യാസം നേടിയവളും തത്ത്വചിന്ത, ഭാഷകൾ, അക്കാലത്തെ മതപാരമ്പര്യങ്ങൾ എന്നിവയിൽ നല്ല അറിവുള്ളവളുമായിരുന്നു. ഇത്രയും ഉന്നതരും മതപരമായി സ്വാധീനമുള്ളതുമായ ഒരു കുടുംബത്തിൽ വളർന്നതിന്റെ അർത്ഥം അവൾ ആചാരങ്ങളിലും രാഷ്ട്രതന്ത്രത്തിലും പരിശീലനം നേടിയിരിക്കാമെന്നാണ്, ഇത് അവളെ ഉയർന്ന ബുദ്ധിശക്തിയും ഉൾക്കാഴ്ചയുമുള്ള സ്ത്രീയാക്കി മാറ്റി.

ആസ്നത്തിന് നല്ല ജ്ഞാനം ഉണ്ടായിരുന്നു. ആത്മീയവും സാംസ്കാരികവും പ്രായോഗികവും ആയ ബുദ്ധി വൈഭവം അവൾ പ്രകടിപ്പിച്ചിരുന്നു. ഇസ്രായേലിന്റെ ദൈവത്തെ സ്വീകരിച്ച ഒരു സ്ത്രീയായി അവളെ ചിത്രീകരിക്കുന്നു. അവളുടെ ജ്ഞാനം വംശപരമ്പരയിലൂടെയോ പാരമ്പര്യത്തിലൂടെയോ ലഭിച്ചതല്ല (അവൾ ഒരു ഇസ്രായേല്യയായി ജനിച്ചിട്ടില്ലാത്തതിനാൽ), മറിച്ച് സ്വയം നേടിയെടുത്തതോ ആത്മീയമായി സമ്പാദിച്ചതോ ആയിരുന്നു എന്നാണ്. അവൾ തന്റെ ഈജിപ്ഷ്യൻ പൈതൃകത്തെ മറികടന്ന് എബ്രായ വംശപരമ്പരയിൽ പ്രാധാന്യമുള്ളവളായി. അവൾക്ക് പാരമ്പര്യമായി ലഭിച്ച അവളുടെ കുടുംബ പശ്ചാത്തലം അല്ലെങ്കിൽ സാമൂഹിക പദവി കൊണ്ടല്ല മറിച്ച് അവളുടെ തിരഞ്ഞെടുപ്പുകളിലൂടെയും പരിവർത്തനത്തിലൂടെയും അവൾ വളർത്തിയെടുത്ത ജ്ഞാനവും സ്വത്വവും കൊണ്ടാണ് ആസ്നത്ത് വിലമതിക്കപ്പെട്ടത്.

അവളുടെ പരിവർത്തനത്തെ കൂടുതൽ ശ്രദ്ധേയമാക്കുന്നത് അവളുടെ ബുദ്ധിശക്തി അഹങ്കാരത്തിലേക്ക് വഴിമാറിയില്ല എന്നതാണ്. പകരം, അത് വിവേചനത്തിനുള്ള ഒരു മാർഗമായി മാറി. യോസേഫിനെ കണ്ടുമുട്ടിയപ്പോൾ, അവൾ തന്റെ പിതാക്കന്മാരുടെ വിശ്വാസത്തിൽ അന്ധമായി പറ്റിപ്പിടിച്ചില്ല. അവൾ പരിശോധിച്ചു, ചിന്തിച്ചു, ഒടുവിൽ യോസേഫിന്റെ ഏകദൈവ വിശ്വാസത്തിന് അനുകൂലമായി ഈജിപ്തിലെ ദേവാലയത്തെ നിരസിക്കാൻ തീരുമാനിച്ചു. അത്തരമൊരു തീരുമാനത്തിന് വിമർശനാത്മക ചിന്തയും ധൈര്യവും ആവശ്യമാണ്, കാരണം അത് അവൾ വളർന്ന സ്വത്വത്തിൽ നിന്നും പദവിയിൽ നിന്നും ഒരുപടി കൂടി അകന്നു നിൽക്കുക എന്നതായിരുന്നു. തികച്ചും വ്യത്യസ്തമായ ഒരു ആത്മീയ ലോകവീക്ഷണം സ്വീകരിക്കാനുള്ള അവളുടെ സന്നദ്ധത അവളുടെ ജ്ഞാനത്തിന്റെ ആഴം വ്യക്തമാക്കുന്നു.

3. ആത്മീയ ദൃഢനിശ്ചയം

ക്ഷാമകാലത്ത് ഇസ്രായേലിനെ രക്ഷിക്കുന്നതിൽ ദൈവത്തിന്റെ വലിയ കരുതലിന്റെ ഭാഗമാണ് യോസേഫുമായുള്ള ആസ്നത്തിന്റെ വിവാഹം. ഈ വിവരണത്തിൽ അവളേക്കുറിച്ചുള്ള പരാമർശം ഹ്രസ്വമാണെങ്കിലും, പ്രധാനമാണ്. യോസേഫിന്റെ ജീവിതത്തിൽ അവളുടെ സാന്നിധ്യം ഇസ്രായേലിന്റെ വിമോചകനെന്ന നിലയിൽ അവന്റെ പങ്കിനെ പിന്തുണയ്ക്കുന്നു. ഈ വിധത്തിൽ, അവളുടെ ആത്മീയ ദൃഢനിശ്ചയം മനസ്സിലാക്കുന്നത്, വാചകത്തിൽ പറഞ്ഞിട്ടില്ലെങ്കിലും, യോസേഫിലൂടെ ദൈവത്തിന്റെ വീണ്ടെടുപ്പുവേലയിൽ അവളുടെ മനസ്സോടെയുള്ള പങ്കാളിത്തമാണ്.

ആസ്നത്തിന്റെ ആത്മീയ യാത്രയെക്കുറിച്ച് ബൈബിൾ നേരിട്ട് വിവരിക്കുന്നില്ലെങ്കിലും, യോസേഫുമായുള്ള അവളുടെ വിവാഹം, ഇസ്രായേലിലെ രണ്ട് പ്രധാന ഗോത്രങ്ങളുടെ മാതൃത്വം, ദൈവത്തിന്റെ പദ്ധതിയിലെ അവളുടെ സ്ഥാനം എന്നിവ ഒരു ആത്മീയ നിശ്ചയദാർഢ്യത്തിന്റെയും പരിവർത്തനത്തിന്റെയും തലത്തെ സൂചിപ്പിക്കുന്നു. ഇസ്രായേല്യേതരരെ ദൈവത്തിന്റെ ഉടമ്പടിയിലേക്ക് കൊണ്ടുവരാൻ കഴിയുന്ന സൂക്ഷ്മവും എന്നാൽ ശക്തവുമായ വഴികളെ അവളുടെ ജീവിതം പ്രതിഫലിപ്പിക്കുന്നു.

ആസ്നത്തിന്റെ സ്വഭാവത്തിലെ ഏറ്റവും ശ്രദ്ധേയമായ വശം അവളുടെ ആത്മീയ ദൃഢനിശ്ചയമാണ്. അവളുടെ പരിവർത്തനം ഒരു ആകസ്മിക തീരുമാനമായിരുന്നില്ല, മറിച്ച് പരിവർത്തനാത്മകവും ആത്മാവിനെ തകർക്കുന്നതുമായ ഒരു അനുഭവമായിരുന്നു. അവൾ ഏഴ് ദിവസം സ്വകാര്യമായി അനുതപിക്കുന്നു, പ്രാർത്ഥനയിലും ഉപവാസത്തിലും അവളുടെ വിഗ്രഹങ്ങളുടെ നാശത്തിലും ഏർപ്പെട്ടു. അവളുടെ അനുതാപം ഹൃദയംഗമവും ആഴമേറിയതുമാണ്, അവൾ ഇങ്ങനെ നിലവിളിക്കുന്നു: "ഞാൻ എന്തു ചെയ്യണം, ഞാൻ എന്തു ചെയ്യണം? തിന്മയായതെല്ലാം ഞാൻ പഠിച്ചില്ലേ?" ഈ വാക്കുകൾ അവളുടെ ഭൂതകാലത്തെ പൂർണ്ണമായി നിരസിക്കുന്നതിനെയും വീണ്ടെടുപ്പിനായുള്ള ആവേശകരമായ ആഗ്രഹത്തെയും പ്രതിഫലിപ്പിക്കുന്നു.

ദൈവം അവളുടെ നിലവിളി കേൾക്കുകയും അവളുടെ പുതിയ വ്യക്തിത്വം സ്ഥിരീകരിക്കാൻ ഒരു മാലാഖ ദൂതനെ അയയ്ക്കുകയും ചെയ്യുന്നു. ഈ ദിവ്യ കണ്ടുമുട്ടൽ അവളുടെ ആത്മീയ പുനർജന്മത്തിന് മുദ്രയിടുന്നു. ആ നിമിഷം മുതൽ, ആസ്നത്ത് യോസേഫിന്റെ ദൈവത്തിന്റെ അനുയായി മാത്രമല്ല, വിശുദ്ധിയുടെയും ശക്തിയുടെയും ഒരു മാതൃകയാണ്. വിവാഹത്തിൽ മാത്രമല്ല, ഈജിപ്തിലെ ക്ഷാമകാലത്ത് ജീവൻ സംരക്ഷിക്കാനുള്ള അവന്റെ ദൈവിക ദൗത്യത്തിലും അവൾ യോസേഫിന് അനുയോജ്യമായ ഒരു പങ്കാളിയായി മാറുന്നു.

ആസ്നത്തിന്റെ ആത്മീയ യാത്ര ആന്തരിക സ്ഥിരതയുടേതാണ്. പ്രണയം കൊണ്ടോ രാഷ്ട്രീയ നേട്ടം കൊണ്ടോ മാത്രമല്ല അവൾ യോസേഫിന്റെ വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യുന്നത്; ബോധ്യം കൊണ്ടാണ് അവൾ അങ്ങനെ ചെയ്യുന്നത്. പ്രാർത്ഥനയിലും ഉപവാസത്തിലും വിഗ്രഹങ്ങളെ ത്യജിക്കുന്നതിലും ഉള്ള അവളുടെ ദൃഢനിശ്ചയം, വിശ്വാസത്തിന്റെ ആഴം കാണിക്കുന്നു. ഉല്പത്തിയിൽ ഏറെക്കുറെ നിശബ്ദയാണ്. പിൽക്കാല സാഹിത്യം ആസ്നത്തിന് ശക്തമായ ശബ്ദവും ആന്തരിക ആഴവും നൽകുന്നു. അവൾ തന്റെ ഭൂതകാലം ഉപേക്ഷിച്ച് ഒരു പുതിയ വിശ്വാസം സ്വീകരിക്കാൻ തയ്യാറാകുന്നു. അത് വ്യക്തിപരമായ ബോധ്യത്തിന്റെയും നിലപാടിന്റെയും ശക്തിയെ വ്യക്തമാക്കുന്നു. പുറജാതിയായ ഈജിപ്തിലെ ഒരു കുട്ടിയിൽ നിന്ന് അവൾ ഇസ്രായേലിന്റെ വംശപരമ്പരയിലെ ഒരു മാതാവായി, എഫ്രയീമിന്റെയും മനശ്ശെയുടെയും രണ്ട് ഗോത്രങ്ങളുടെ അമ്മയായി മാറുന്നു.

4. പാരമ്പര്യവും പ്രസക്തിയും

ആസ്നത്തിന്റെ കഥ, പലപ്പോഴും അവഗണിക്കപ്പെടുന്നുണ്ടെങ്കിലും, പരിവർത്തനം, വിനയം, വിശ്വാസം എന്നിവയിൽ ശക്തമായ പാഠങ്ങൾ നൽകുന്നു. ഒരാളുടെ പശ്ചാത്തലമോ വളർത്തലോ അവരുടെ വിധി നിർവചിക്കുന്നില്ല എന്ന ഓർമ്മപ്പെടുത്തലായി അവൾ പ്രവർത്തിക്കുന്നു. പുറജാതിയും പദവിയുള്ളതുമായ ഒരു കുടുംബത്തിൽ വളർന്നിട്ടും, അവൾ നീതിയുടെ പാത തിരഞ്ഞെടുത്തു, ദൈവത്തിന്റെ ഉടമ്പടിയുടെ ഭാഗമായി.

അവളുടെ സൗന്ദര്യം അതിൽത്തന്നെ ഒരു ലക്ഷ്യമായിരുന്നില്ല, മറിച്ച് സദ്ഗുണത്തിനുള്ള ഒരു പാത്രമായിരുന്നു. അവളുടെ ബുദ്ധിശക്തി കൃത്രിമത്വത്തിനോ സ്വയം പുരോഗതിക്കോ വേണ്ടി ഉപയോഗിച്ചില്ല, മറിച്ച് സത്യം വിവേചിക്കുന്നതിനാണ് ഉപയോഗിച്ചത്. അവളുടെ എളിമ ബലഹീനതയല്ല, മറിച്ച് ഭക്തിയിൽ പൊതിഞ്ഞ ശക്തിയായിരുന്നു. അവളുടെ ആത്മീയ ദൃഢനിശ്ചയം കേവലം വ്യക്തിപരമായ ഭക്തിയല്ല, മറിച്ച് വരും തലമുറകളെ രൂപപ്പെടുത്തുന്ന ഒരു പ്രതിബദ്ധതയായിരുന്നു.

മനുഷ്യരാശിയെക്കുറിച്ചുള്ള ദൈവത്തിന്റെ വിശാലമായ പദ്ധതിയിലേക്ക് പിന്നീട് സ്വാഗതം ചെയ്യപ്പെടുന്ന വിശ്വസ്തയായ ഒരു വിജാതീയ സ്ത്രീയാണ് ആസ്നത്ത്. വിശ്വാസത്തിന്റെയും പരിവർത്തന ശക്തിയുടെയും വ്യക്തികൾക്ക് അവരുടെ സാഹചര്യങ്ങൾക്ക് മുകളിൽ ഉയരാനുള്ള കഴിവിന്റെ തെളിവാണ് ആസ്നത്ത്. ഉപരിതല സൗന്ദര്യത്തിനപ്പുറം നോക്കാനും എളിമയുടെ ശാന്തമായ ശക്തി, യഥാർത്ഥ ബുദ്ധിയുടെ മൂർച്ചയുള്ള അറ്റം, ആത്മീയ ബോധ്യത്തിന്റെ അഗാധമായ ധൈര്യം എന്നിവയെ വിലമതിക്കാനും അവളുടെ ജീവിതം നമ്മെ പ്രേരിപ്പിക്കുന്നു. ബൈബിൾ പരാമർശത്തിൽ അവളുടെ പങ്ക് ചെറുതാണെങ്കിലും, അവളുടെ പാരമ്പര്യം വലുതാണ്. വിശ്വാസത്തിന്റെ ശക്തമായ ഒരു വ്യക്തിത്വമായും, യോസേഫിന്റെ യോഗ്യയായ ഭാര്യയായും, ഇസ്രായേൽ ഗോത്രങ്ങൾക്ക് ഒരു ആത്മീയ അമ്മയായും അവൾ നിലകൊള്ളുന്നു.

സി.ബി.എസ്.ഇ പരീക്ഷയിൽ ദേശീയതലത്തിൽ ചരിത്ര നേട്ടം കൊയ്ത് ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ

കോട്ടയം: സി.ബി.എസ്.ഇ. പത്താം ക്ലാസ് പരീക്ഷയിൽ ചരിത്രനേട്ടവുമായി ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ. മാർ ബസേലിയോസ് പബ്ലിക്ക് സ്കൂളിലെ വിദ്യാർത്ഥിയായ മേരി മാത്യു 500ൽ 497 മാർക്ക് നേടി ദേശീയ തലത്തിൽ മൂന്നാം സ്ഥാനം സ്വന്തമാക്കി. സ്ക്കൂളിലെതന്നെ വിദ്യാർത്ഥിയായ കാവ്യ കെ ബിജോയ്ക്കാണ് ദേശീയതലത്തിൽ നാലാം സ്ഥാനം. 500–ൽ 496 മാർക്ക് നേടിയാണ് നേട്ടം കൈവരിച്ചത്.

ദേവലോകം മാർ ബസേലിയോസ് പബ്ലിക്ക് സ്ക്കൂളിൽ സി.ബി.എസ്.ഇ. 12–ാം ക്ലാസ്സ് ബോർഡ് പരീക്ഷയെഴുതിയ 61 വിദ്യാർത്ഥികളിൽ, 30 പേർ 90%–ൽ അധികം മാർക്ക് കരസ്ഥമാക്കി. അതിൽ 12 പേർ എല്ലാ വിഷയങ്ങൾക്കും എ വൺ നേടി. 48 പേർക്ക് ഡിസ്റ്റിംഗ്ഷനും 12 പേർക്ക് ഫസ്റ്റ് ക്ലാസും ലഭിച്ചു. സി.ബി.എസ്.ഇ. 10–ആം ക്ലാസ്സ് ബോർഡ് പരീക്ഷയെഴുതിയ 63 വിദ്യാർത്ഥികളിൽ, 31 പേർ 90%–ൽ അധികം മാർക്ക് കരസ്ഥമാക്കി. അതിൽ 9 പേർ എല്ലാ വിഷയങ്ങൾക്കും എ വൺ നേടി. 53 പേർക്ക് ഡിസ്റ്റിംഗ്ഷനും 8 പേർക്ക് ഫസ്റ്റ് ക്ലാസും ലഭിച്ചു.



സന്യാസ സമൂഹ വാർഷിക സമ്മേളനം

മലങ്കര ഓർത്തഡോക്സ് സഭയുടെ 27-ാമത് സന്യാസ സമൂഹ സംഗമം പത്തനാപുരം മൗണ്ട് താബോർ ദയറായിൽ മെയ് 12-14 തീയതികളിൽ നടന്നു. സഭയുടെ വിവിധ ആശ്രമങ്ങളിലേയും, മഠങ്ങളിലേയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് ഇതിൽ പങ്കെടുത്തത്. മലങ്കരസഭയിലെ സന്യാസ സമൂഹങ്ങൾ ഇന്നലെ, ഇന്ന്, നാളെ എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. കാലികമായി നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ സമൂഹ അംഗങ്ങളെ എങ്ങനെ പ്രബുദ്ധരാക്കാം എന്നതായിരുന്നു മുഖ്യ ചർച്ചാവിഷയം. സന്യാസ സമൂഹത്തിന്റെ പ്രസിഡന്റ് ഡോ. യാക്കൂബ് മാർ ഐറേനിയോസ് അദ്ധ്യക്ഷത വഹിച്ചു. നിലയ്ക്കൽ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ജോഷ്വ മാർ നിക്കോദിമോസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മറുരൂപ മലയിൽ രൂപാന്തര സമയത്ത് പത്രോസ് ക്രിസ്തുവിനോട് പറയുന്നുണ്ട് നാം ഇവിടെ ഇരിക്കുന്നത് നല്ലത് എന്ന്. മറുപടി താബോർ മലയിൽ നിന്ന് താഴേക്ക് ഇറങ്ങണമെന്ന ഉപദേശം ഗുരു കൊടുക്കുന്നുണ്ട്. ഇറങ്ങിചെല്ലുക എന്നതാവണം സന്യാസ സമൂഹത്തിന്റെ ദർശനം എന്ന് അദ്ദേഹം പറഞ്ഞു.

രണ്ടാം ദിവസം വിശുദ്ധ കുർബാനയ്ക്കുശേഷം മൗണ്ട് താബോർ കോൺവെന്റിലെ മദർ ജൂലിയാന ധ്യാനം നയിച്ചു. തുടർന്ന് പരിചയപ്പെടുത്തലിനു ശേഷം കോട്ടയം സെമിനാരി മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. റെജി മാത്യു ചിന്താവിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ് നയിച്ചു. ക്ലാസിനെ അടിസ്ഥാനമാക്കി നടത്തിയ ചർച്ചയിൽ എല്ലാവരും സജീവമായി പങ്കെടുത്തു. ഉച്ച ഭക്ഷണത്തിനു ശേഷം മൈലം കുളമുടി ആശ്രമം സന്ദർശിച്ചു. അവിടെ വച്ച് ശൂരനാട് കോൺവെന്റ് മദർ സുപ്പീരിയർ സിസ്റ്റർ ഡോ. എമിലിയ ക്ലാസ് നയിച്ചു. കബറിങ്കൽ പ്രാർത്ഥനയ്ക്കു ശേഷം മൗണ്ട് താബോറിൽ തിരിച്ചെത്തി. സന്ധ്യാ പ്രാർത്ഥനയ്ക്കു ശേഷം കൊല്ലം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് ക്ലാസ് നയിച്ചു.

മൂന്നാം ദിവസം വിശുദ്ധ കുർബാനക്കു ശേഷം ബിസിനസ് മീറ്റും ഇവാലുവേഷനും നടത്തി. വാർഷിക പ്രവർത്തന റിപ്പോർട്ടും വരവു ചെലവ് കണക്കും അവതരിപ്പിച്ച് പാസാക്കി. സിസ്റ്റർ സൂസൻ തിരുവനന്തപുരം, സിസ്റ്റർ സൂസന്ന കിഴക്കമ്പലം എന്നിവരെ ആദരിച്ചു

ഗീവർഗ്ഗീസ് റമ്പാൻ, ഫാ. മത്തായി ഒ.ഐ.സി., യൗനാൻ ശാമുവേൽ റമ്പാൻ, നഥനിയേൽ റമ്പാൻ, സഖറിയ റമ്പാൻ, ഫാ. ഫിലിപ്പ് മാത്യു, ഫാ. സുബിൻ സാം, മദർ സുപ്പീരിയർ സാറാ, സിസ്റ്റർ സെലിൻ സിസ്റ്റർ സൂസന്ന എന്നിവർ പ്രസംഗിച്ചു.

കേരളത്തിനകത്തും പുറത്തുമുള്ള ഇരുപതോളം സമൂഹങ്ങളിൽ നിന്നുമായി നൂറോളം പ്രതിനിധികൾ പങ്കെടുത്തു.





International Nurses Day was celebrated at Puthupally Paret Mar Ivanios Hospital. The nursing team along with other staff reaffirmed their oath to serve. Fr K M Zacharia Hospital Secretary presided and Lt Col Isha Principal Nursing College Mandiram Hospital was the guest of honor. Best Nurse award and 25 yrs service certificates were distributed to nursing team members.



തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിലെ പരുമല മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിലും അനവധി സുമനസ്സുകളുടെ ചെറുതും വലുതുമായ സഹായങ്ങൾ കൊണ്ട് മദ്ബഹ ശുശ്രൂഷക അംഗം ബേസിൽ സണ്ണിയ്ക്ക് നിർമിച്ചു നൽകിയ ഭവനത്തിന്റെ കൂദാശ പരുമല മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമികത്തിൽ നടത്തപ്പെട്ടു.

വചനതീർത്ഥം

പുതുഞായറാഴ്ചയ്ക്കു ശേഷം മൂന്നാം ഞായർ

(വി. യോഹന്നാൻ 4:31-38)

ഫാ. മോൻസി ഫിലിപ്പ്



പുതുഞായറിനു ശേഷം മൂന്നാം ഞായർ. വേദഭാഗം വി. യോഹന്നാൻ 4:31 -38 വരെ. വി. യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായം വരെ ശ്രേഷ്ഠത യുള്ളതാണ്. കർത്താവ് ശമര്യായിൽ താമസിക്കുന്നു. ശമരിയ സ്ത്രീയോടു സംസാരിക്കുന്നു. 4:1-42 വരെ പരിശോധിക്കുമ്പോൾ യേശു ശമര്യാക്കാരി സ്ത്രീയോടു നടത്തുന്ന സംഭാഷണം, അതിലൂടെ അവളുടെ രഹസ്യങ്ങളെ കർത്താവ് വെളിപ്പെടുത്തുന്നു. അതിലൂടെ അവൾ കർത്താവിനെ ക്രമേണ മനസ്സിലാക്കുന്നു. മശിഹായാകുന്നു എന്ന് കർത്താവിന്റെ വെളിപ്പെടുത്തൽ വിശ്വ സിച്ച് ദേശവാസികളോടു സാക്ഷിക്കുന്നു. അവർ അവനിൽ വിശ്വസിക്കുന്നു. ക്രിസ്തു ശമര്യാസ്ത്രീക്ക് ഒരിക്കലും ദാഹിക്കാത്ത ജീവന്റെ ജലം പകർന്നു നൽകുകയും, അവളോട് സംസാരിക്കുകയും ചെയ്ത ശേഷം ശിഷ്യന്മാർ യേശു വിന്റെ അടുക്കൽ വന്ന് അവനോട് ഭക്ഷിപ്പാൻ പറയുമ്പോൾ യഥാർത്ഥ ഭക്ഷണം എന്താണെന്നും, നിങ്ങൾ അറിയാത്ത ഭക്ഷണം എനിക്ക് ഭക്ഷിപ്പാൻ ഉണ്ടെന്നും, "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെയ് ക്കുന്നതുതന്നെ എന്റെ ആഹാരം." (വി. യോഹ. 4:34). തുടർന്ന് കൊയ്ത്തു വരുന്നു. കൊയ്ത്തു എന്തെന്നും നിത്യജീവങ്കലേക്കുള്ള വിളവ് കൂട്ടിവെയ്ക്കു ന്നതിനെപ്പറ്റിയും പ്രതിപാദിക്കുന്നു. ഇതാണ് വേദഭാഗ ചുരുക്കം.

വേദഭാഗ ചിന്തകൾ

1. ക്രിസ്തുവിന്റെ ആഹാരം - പിതാവിന്റെ ഇഷ്ടം നിറവേറ്റലും പ്രവൃത്തി പൂർത്തിയും.

വി. യോഹന്നാൻ 4:31-34

ശമര്യാക്കാരി സ്ത്രീയും യേശുവും തമ്മിലുള്ള സംഭാഷണത്തിനുശേഷം ഒരിക്കലും ദാഹിക്കാത്ത ജീവജലം നുകർന്ന്, സാക്ഷാൽ മശിഹായെ തിരിഞ്ഞ് ആ വാർത്ത മറ്റ് ശമര്യാക്കാരെ അറിയിക്കാൻ പോയ സമയം ശിഷ്യന്മാർ അവന്റെ അടുക്കൽ ചെന്ന് ഭക്ഷിപ്പാൻ ആവശ്യപ്പെടുമ്പോൾ, ക്രിസ്തു പറ യുന്നു "നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്" വി. യോഹ ന്നാൻ 4:32. ശിഷ്യന്മാർ കരുതി ആരെങ്കിലും കൊണ്ടുവന്നിരിക്കാം എന്ന്. ശിഷ്യ ന്മാരുടെ മുഖത്തെ ഭാവമാറ്റങ്ങൾ ആകാം അടുത്ത വരികളിൽ കർത്താവിന്റെ മറുപടി. യഥാർത്ഥ ആഹാരം എന്തെന്നുള്ളത്. അത് അയച്ചവന്റെ ഇഷ്ടം നിറ വേറ്റുകയും പ്രവൃത്തിക്കേണ്ടുന്നതുമാണ്.

ജീവിതം സമ്പൂർണ്ണമായി ദൈവ ഇഷ്ടത്തിനു മാത്രം വിധേയമായി ജീവി ക്കുക എന്ന സത്യത്തിലൂടെ നമ്മെ കാട്ടിയത് ക്രിസ്തുമാത്രമാണ്. ക്രിസ്തു വിലൂടെ വിശുദ്ധന്മാർ ക്രിസ്തു കാട്ടിത്തന്നതുപോലെ ദൈവേഷ്ടത്തിനു പരി പൂർണ്ണ അനുസരണം ഉള്ള ജീവിതം നാം സൃഷ്ടിക്കണം. സൃഷ്ടിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. ഇന്ന് നാം നമ്മുടെ ഇഷ്ടങ്ങൾക്ക് മാത്രം പ്രാധാന്യം കൊടുക്കുമ്പോൾ നമ്മുടെ ജീവിതങ്ങൾ ശൂന്യമല്ലേ. മറിച്ച് പൂർണ്ണ മായി ക്രിസ്തീയ മൂല്യങ്ങൾ കാത്തുസൂക്ഷിച്ചാൽ, പ്രയാസത്തൽ ഇരിക്കുന്ന വരെ കരുതിയാൽ ദൈവത്തിനു നമ്മോടും നമ്മുടെ ജീവിതത്തോടും കരുണ തോന്നാതിരിക്കുമോ? അനുഗ്രഹങ്ങൾ പടിപടിയായി വരികയേ ഉള്ളു.

നാം നമ്മുടെ ഇഷ്ടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ജീവിതത്തിൽ ചില പരാജയങ്ങളുടെ കൈയ്പ്പുനീർ നാം കുടിച്ചുപോകാറില്ലേ. മറിച്ച് ദൈവേ ഷ്ടത്തിന് വിധേയപ്പെടുമ്പോൾ നാം അറിയാതെ തന്നെ ആഗ്രഹിക്കാതെ തന്നെ ചില നന്മകൾ കടന്നുവരില്ലേ, വന്നിട്ടില്ലേ. നാം ഇതൊക്കെ നിമിഷനേരം കൊണ്ട് വിസ്മരിക്കും.

"നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക; ഏറിയനാൾ കഴിഞ്ഞിട്ടു നിനക്കു അതു കിട്ടും." സഭാപ്രസംഗി 11:1.

"യേശുവിന്റെ ആഹാരം ശാരീരിക ഭക്ഷണ ത്തിൽ നിന്ന് വ്യത്യസ്തമാണ്. അവൻ ദൈവ ത്തിന്റെ ദൗത്യത്തിൽ പ്രവർത്തിക്കുന്നതിൽ തന്നെ പോഷണം അനുഭവിക്കു ന്നു."

- സെന്റ് ജോൺ ക്രിസോസ്റ്റം

യേശുവിനെപോലെ നാമും ആകണമെന്ന് അവൻ ആഗ്രഹിക്കുന്നു.

1. സമാധാനത്തിനുള്ള ഏകമാർഗ്ഗം ദൈവതിരുഹിതം ചെയ്യുക എന്നതാ ണ്.

2. സന്തോഷത്തിനുള്ള ഏകമാർഗ്ഗം ദൈവതിരുഹിതം ചെയ്യുക എന്നതാ ണ്.

3. ശക്തിക്കുള്ള ഏകമാർഗ്ഗം ദൈവതിരുഹിതം ചെയ്യുക എന്നതാണ്.

ദൈവത്തിന്റെ ഇഷ്ടം:-

1. പുത്രനിലൂടെയുള്ള നിത്യജീവൻ (വി. യോഹന്നാൻ 6:40)

2. നിങ്ങളുടെ ശുദ്ധീകരണം (1 തെസ്സ. 3:2)

3. നിങ്ങളുടെ സത്പ്രവൃത്തികൾ (1 പത്രോ. 2:15)

4. എല്ലാറ്റിനും ഉള്ള സ്തോത്രം (1 തെസ്സ. 5:18)

ക്രിസ്തു ദൈവഇഷ്ടത്തിന് വിധേയമായി നമുക്കുവേണ്ടി ജീവൻ നൽകി ജീവിതം തന്നു. നാം എന്തു നൽകി, നൽകുന്നു; നൽകും. ഇന്ന് കാലഘട്ട ത്തിൽ ദൈവം നമ്മിൽ നോക്കുന്ന ചിന്തകളാണ്. ഉള്ളിൽ നന്മ വിളയട്ടെ. ദൈവ ഇഷ്ടങ്ങൾക്ക് വിധേയപ്പെടുവാൻ ഒരു തയ്യാറെടുപ്പായി ഈ കാലം. അതുക ഴിഞ്ഞ് വിതയും കൊയ്ത്തും.

2. വിളവും കൊയ്ത്തും - യേശുവും ശിഷ്യന്മാരും

വി. യോഹന്നാൻ 4:35-38

നാലു മാസത്തിനുശേഷം കൊയ്ത്ത്. വിതയ്ക്കും കൊയ്ത്തിനും ഇട യ്ക്കുള്ള കാലം. ഈ സംഭവം ജനുവരിയിൽ എന്ന് കരുതപ്പെടുന്നു. "കൊയ്ത്തിന്റെ വിളഞ്ഞു കൊയ്ത്തടുത്തിരിക്കുന്നു" എന്ന പ്രസ്താവന സാധാരണ കൊയ്ത്തിനെ അല്ല, ആത്മീക കൊയ്ത്തിനെയത്രേ സൂചിപ്പിക്കു ന്നു.

അല്പം മുമ്പ് "കർത്താവു വിതച്ചു" ശമര്യാ സ്ത്രീയുടെ ഹൃദയത്തിൽ, ജീവിതത്തിൽ ഒറ്റ വാകൃത്തിൽ.

"ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുവന്നവനോ ഒരുനാളും ദാഹിക്കയി ല്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിതീരും"

വി. യോഹന്നാൻ 4:14

ക്രിസ്തു വിതെച്ചതിന്റെ ഫലം ഉടൻ തന്നെ. ശമര്യാ സ്ത്രീ പട്ടണത്തിൽ ചെന്നു യേശുവിനെ കണ്ടതും സംസാരിച്ചതും, യേശു മശിഹാ ആയിരിക്കും എന്നുള്ള കാര്യങ്ങൾ സാക്ഷിക്കുന്നു.

"ഞാൻ ചെയ്തതൊക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മീൻ. ശമര്യാക്കാർ ക്രിസ്തുവിനെ കാണുവാനും വിശ്വസിക്കാനുള്ള അത്യാകാംക്ഷയോടെ സന്നദ്ധരായി. ശുഭ്രവസ്ത്രധാരികളായി മലഞ്ചെരുവി ലൂടെ അണിയായ ഇറങ്ങി വന്നുകൊണ്ടിരുന്നു.

"നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വിളഞ്ഞിരിക്കുന്നു" (വി. യോഹന്നാൻ 4:35)

കൊയ്ത്തുകാരന് കൂലി ലഭിക്കുന്നു. ആത്മീക കൊയ്ത്തുകാരന് നിത്യജീവൻ ലഭിക്കുകയും അനേകരെ അതിലേക്കാനയിക്കുകയും ചെയ്യുന്നു. ഇവിടെ വിതെക്കുന്നവൻ കർത്താവ് കൊയ്യുന്നവൻ ശ്ലീഹന്മാർ. ശമര്യരുടെ കൂട്ടമായുള്ള ആഗമനത്തിൽ കർത്താവും ശ്ലീഹന്മാരും സന്തോഷിക്കുന്നു.

സാധാരണ മനുഷ്യജീവിതത്തിൽ മനുഷ്യൻ വിതച്ചിട്ട് കാത്തിരിക്കണം. എന്നാൽ ക്രിസ്തു നമ്മിൽ വിതയ്ക്കുവാൻ ആഗ്രഹിക്കുന്നു. നമ്മിൽ നിലം നാം ഒരുക്കേണ്ടത് ആവശ്യമല്ലേ. ഇപ്പോഴും ചില ജീവിതങ്ങളിൽ തരിശുനിലങ്ങൾ കാണാം. അവിടെ ഒരുക്കപ്പെട്ട നിലങ്ങൾ സൃഷ്ടിക്കപ്പെടണമെങ്കിൽ

1. സംശയങ്ങൾ നീങ്ങണം
2. മുൻവിധികൾ തകരണം
3. വിശ്വാസം ഉയരണം
4. സഹവാസം വർദ്ധിക്കണം
5. ക്രിസ്തുവിനെ വന്നു കാണണം.

നമ്മിൽ ക്രിസ്തുവിന്റെ ആത്മീക ജീവിതത്തിൽ നിന്നുള്ള വിത്തുകൾ വിതെയ്ക്കാം. നമ്മിലൂടെ ആരെങ്കിലും ഒക്കെ അവരെ തന്നെ ഒരുക്കിയാൽ ഒരു മാറ്റം ഉണ്ടായാൽ തന്നെ നമ്മുടെ ജീവിതം സാഫല്യമാകും. ക്രിസ്തു നമ്മിൽ വിതച്ചവിത്ത്

1. പരിശുദ്ധ ദൈവസ്നേഹത്തിന്റെ വിത്ത്
2. ദൈവശക്തിയുടെ വിത്ത്

ക്രിസ്തു ജീവനും മരണവും വിതച്ചതിന്റെ കൊയ്ത്ത് ശിഷ്യന്മാർ നടത്തുന്നു. ശിഷ്യന്മാരോട് കർത്താവ് പറയുന്നു "നിങ്ങൾ വിതച്ചത് മറ്റുള്ളവർ കൊയ്യുന്നു." കാലം കാത്തു വച്ച ക്രിസ്തീയ വിതയായി നമ്മുടെ ജീവിതം ക്രമീകരിക്കാം. ക്രിസ്തുവിലൂടെ നല്ല കൊയ്ത്തിനൊരുങ്ങുന്ന നിലങ്ങളായി നമ്മുടെ ജീവിതം പരിവർത്തിക്കുന്ന കാലം പെട്ടെന്ന് ആഗമിക്കട്ടെ.

പുസ്തകം



ഫ്രാൻസിസ് മാർപാപ്പ: ആർദ്രതയുടെ ആൾരൂപം

ഫാ. ഡോ. കെ. എം. ജോർജ്

സമാരാധ്യനായ ഫ്രാൻസിസ് മാർപാപ്പാ സ്ഥാനമേറ്റതിന്റെ പിറ്റെ ദിവസം തുടങ്ങി വിവിധ സന്ദർഭങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് എഴുതിയ ലേഖനങ്ങളാണ് ഈ ചെറു ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പായുമായി നേരിട്ട് കാണാൻ ഗ്രന്ഥകാരന് മൂന്ന് അവസരങ്ങളുണ്ടായി. ആ ഹൃദയസ്പർശിയായ സ്മരണകൾ അദ്ദേഹം പങ്കുവയ്ക്കുന്നു.


യേശു പഠിപ്പിച്ച സ്നേഹത്തിന്റെയും ക്ഷമയുടെയും കരുണയുടെയും സുവിശേഷമാണല്ലോ നമുക്ക് സകലത്തിന്റെയും അളവുകോൽ. ആ അർത്ഥത്തിൽ ഫ്രാൻസിസ് പാപ്പാ തന്റെ എല്ലാ പരിമിതികളോടും കൂടിത്തന്നെ, നമ്മുടെ കർത്താവിന്റെ എളിമയുള്ള ശിഷ്യനും അനുഗാമിയുമായിരുന്നു എന്ന് ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു.

പ്രസാധകർ: സോപാന ഓർത്തഡോക്സ് അക്കാദമി, മാർ ബസേലിയോസ് ദയറാ, ഞാലിയാകുഴി, കോട്ടയം

വില: 100 രൂപ



വരിക്കോലി ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് സൗജന്യ ഡയാലിസിസ് സെന്ററിന് മാമ്മലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം മലങ്കരയിൽ ഇദംപ്രഥമമായി ആരംഭിച്ച പ്രവാസി യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നൽകിയ സംഭാവന കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപോലീത്താ ഡോ. തോമസ് മാർ അത്താനാസിയോസിൽ നിന്നും ഫാ. വിജു ഏലിയാസ് ഏറ്റുവാങ്ങി.



ചെറിയമഠത്തിൽ സ്കറിയാ മല്പാനച്ചന്റെ ഓർമ്മ വാഴൂർ പള്ളിയിൽ ആചരിച്ചു. ഫാ. ഡോ. കെ. എം. ജോർജ് അനുസ്മരണ പ്രഭാഷണം നടത്തി.



കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനവും ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ്, ഓർബിസ് ലൈഫ് ഹെൽത്ത് കെയർ എന്നിവയുടെ നേതൃത്വത്തിൽ നടന്ന മെഗാ മെഡിക്കൽ ക്യാമ്പിൽ വെച്ച് വേൾഡ് ബോക്സിങ് ചാമ്പ്യൻ കെ. എസ്. വിനോദ് സ്പോർട്സ് കിറ്റ് വിതരണ ഉദ്ഘാടനം നിർവ്വഹിച്ചു. മലങ്കര മൽപ്പാൻ ജോൺസ് എബ്രഹാം റീശ് കോർഎപ്പിസ്കോപ്പാ അധ്യക്ഷത വഹിച്ച പൊതുസമ്മേളനം ഹൈക്കോർട്ട് ജഡ്ജ് ശ്രീ. എസ്. നഗരേഷ് ഉദ്ഘാടനം നിർവഹിച്ചു.

Church Calendar

Restored in Love, Commissioned to Serve

(St. John 21:15–19)



Dn. Aaron Joshua John

On the shores of the Sea of Tiberias, in the early dawn after the Resurrection, we find a deeply personal and theological moment. Jesus, risen from the dead, shares a simple breakfast with His disciples. After the meal, He turns to Peter and asks three times, "Do you love Me?" This threefold question mirrors Peter's three denials during the Passion. But this is not an interrogation, it is a restoration. The same Peter who had sworn, "Even if I must die with you, I will not deny you," (Matt. 26:35) now receives a fresh commission: "Feed My sheep."

This moment is not only about Peter's personal redemption but a revelation of how the Risen Christ transforms brokenness into vocation. As we reflect on this Gospel, along with the walking-on-water miracles from John 6 and Matthew 14, and the Old Testament images of divine presence and guidance (Exodus 40; Isaiah 49), we are invited to understand how love, repentance, and obedience shape the mission of the Church.

1. Christ Heals Our Past to Call Us Forward

The Risen Christ meets Peter not with condemnation but with a question of love: "Do you love Me?" It is a deeply human and divine question. Peter's threefold "Yes, Lord, you know I love You" becomes the ground for his restoration. This is no mere sentiment, it is a commissioning. With every affirmation, Christ gives a charge: "Feed My lambs," "Tend My sheep," "Feed My sheep." Christ entrusts the care of His people not to the perfect, but to the forgiven. St. Cyril of Alexandria explains: "Peter, who once trembled before a servant girl, is now made the shepherd of souls, not by merit, but by grace."

This restoration echoes the Ark of the Covenant being set up in the tabernacle in Exodus 40, a moment where God's presence returns visibly to dwell among His people. Just as the tabernacle was inaugurated with divine glory, Peter's new mission begins with a conversation soaked in love and mercy.

2. The Journey of Faith is Both a Walk on Water and a Walk to the Cross

The lectionary gives us two "walking on water" stories, St. John 6:16–29 and St. Matthew 14:22–33. These miraculous accounts are not mere demonstrations of Christ's power. They are theological signs of what it means to follow Christ. In John 6, Jesus approaches the boat of the disciples, saying, "It is I; do not be afraid." This is a divine declaration, reminiscent of "I AM", ego eimi. In Matthew's account, Peter steps out of the boat and begins to walk on water toward Jesus, but sinks when fear overtakes him. Christ reaches out, catches him, and calms the storm.

These two stories complement Peter's restoration in John 21. Peter's journey of discipleship has been full of zeal, failure, and divine rescue. He sank in the water and later sank in denial. But Christ is always reaching, always restoring, always calling forward. The Hebrews reading reminds us: "Exhort one another daily… lest any of you be hardened through the deceitfulness of sin" (Hebrews 3:13). Peter's heart had been softened, not hardened, and so it was open to receive Christ's command. St. Gregory the Great writes: "The proof of love is in the work. Where love exists, it works great things. But when it ceases to act, it ceases to exist."

Peter's love is now to be shown not in emotion, but in service, feeding the flock, standing boldly as in Acts 4:8–21, and ultimately laying down his life, as Christ foretells in John 21:19: "When you are old… another will carry you



where you do not wish to go." Peter's journey ends in martyrdom, a walk to the cross, just like his Lord.

On this second Sunday after New Sunday, we remember that the Risen Christ is not distant. He walks on our stormy seas, He prepares meals on our shores, and He speaks healing into our failures. But His grace does not leave us where we are. He calls us, like Peter, to rise, to love, and to feed His sheep. The Eucharist we celebrate is the same fire of bread and fish on the shore, where the Risen Christ feeds us and then says: "Follow Me." We, too, must answer His question: "Do you love Me?" And if we say yes, we are charged with the same mission, to be His witnesses, His shepherds, and His disciples in the world.

Let our response be Peter's, humble, honest, and ready: "Lord, You know all things. You know that I love You."



കോൺഗ്രസ്സ് നേതാവ് രമേശ് ചെന്നിത്തല ആർത്താറ്റ് അരമനയിൽ സന്ദർശനം നടത്തി. കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ എന്നിവർ ചേർന്ന് സ്വീകരിച്ചു.

മറുപുറം

അതിഥികൾ പുഞ്ചിരിക്കുന്ന വഴിയമ്പലം

ഫാ. അജീഷ് ബാബു

‘അവനെ തന്റെ വാഹനത്തിൽ കയററി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷചെയ്തു‘ (ഗുരു പറയുന്ന ആക്രമണത്തിന്റെ കഥ.)

ആളുകൾ അതിക്രൂരമായി ആക്രമണം നടത്തി. വഴിയാത്രക്കാരന്റെ വസ്ത്രം അഴിച്ചുമാറ്റി മുറിവേൽപ്പിച്ചു. ഇനി വസ്ത്രം എന്തിനാവാം അവർ അഴിച്ചുമാറ്റിയത് അതിന് ഒരു കാരണമേയുള്ളൂ വസ്ത്രത്തിന് വലിയ വിലയുള്ള കാലമാണ് അതുകൊണ്ടുതന്നെ വസ്ത്രം കവർന്നെടുത്താൽ അത് ലാഭം തന്നെയാണ്. ലാഭം എന്ന പദം എല്ലാ കാലത്തും നന്മയില്ലാത്ത വാക്കാണ്. പെട്ടെന്ന് അയാൾ തന്റെ വസ്ത്രവും കള്ളന്മാർ ഉദ്ദേശിച്ച തന്റെ പക്കലുള്ള വിലപിടിപ്പുള്ള വസ്തുക്കളും വിട്ടുകൊടുത്തില്ല അതിനാലാവാം ശരീരത്തിൽ മുറിവേൽക്കേണ്ടിവന്നത്. ഒരർത്ഥത്തിൽ ഗുരു പറയുന്ന യെരുശലേമിൽ നിന്ന്


യെരീഹോവിലേക്കുള്ള വഴിയാത്രക്കാരൻ അപഹരിക്കുന്ന മനുഷ്യരോട് പോരാടിയ, പോരാട്ടത്തിൽകൂടി മുറിവേറ്റ മനുഷ്യനാണ്. പോരാട്ടത്തിൽ മുറിവേറ്റ മനുഷ്യനെ ഏറ്റെടുക്കാൻ അയാൾ മാത്രമാണ് വന്നത് ദേശത്തിന്റെ പേരിൽ അറിയപ്പെടുന്ന ശമ’യ്യക്കാരൻ. അയാൾ പോരാടി മുറിവേറ്റ മനുഷ്യന്റെ ശരീരത്തെ കൊണ്ടുപോകുന്നത് വഴിയമ്പലത്തിലാണ്. പോരാടിയവർക്കൊപ്പം പക്ഷം ചേരുന്നവരെ ദേശത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്.

ഒഴിഞ്ഞുമാറിയവർ

അപ്പത്തെ അപഹരിക്കുന്നതിനേക്കാൾ. ദൈവത്തെപ്രതി ഒഴിഞ്ഞുമാറുന്നതാണ് ഏറ്റവും വലിയ മോഷണം. കള്ളന്മാരുടെ സംഘം അയാളെ കീഴ്പെടുത്തി. അയാളുടെ കയ്യിലുള്ളത് മുഴുവനും അവർ അപഹരിച്ചു. യെരുശലേമിൽ നിന്ന് സ്വകാര്യ സമ്പത്തുമായുള്ള പുറത്തേക്കുള്ള യാത്ര പൊതുവഴിയിൽ അവസാനിക്കുകയാണ്. പൊതുവഴിയിൽ മുറിവുപറ്റിയ ശരീരം ഒരു ദേശത്തിന്റെ പേരിൽ അറിയപ്പെടുന്ന മനുഷ്യൻ ഏറ്റെടുക്കുന്നു.

യെരുശലേമിന് പുറത്തേക്കുള്ള യാത്ര എന്തുകൊണ്ട് മുറിവുള്ള യാത്രയായി മാറി. യേശു ഈ ഉപമ പറയുന്ന കാലം യെരുശലേമിലുള്ള ആളുകളും അതിന് പുറത്തെ ആളുകളും തമ്മിൽ സമ്പത്തിന്റെ പേരിൽ സാമൂഹ്യമായി സൃഷ്ടിച്ചിരിക്കുന്ന അകലം ചെറുതല്ല. ജെറുസലേമിൽ നിന്ന് പുറത്തേക്ക് പോകുന്ന ഈ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ കൈവശമുള്ള സമ്പത്ത് കുറവാണ്, പ്രവാസി ജൂതനാവാം അവർ യെരുശലേമിലെ ജൂതന്മാരെക്കാൾ പ്രവാസി ജൂതന്മാർ സാമ്പത്തികമായി വേറെ സങ്കീർണതകൾ അനുഭവിക്കുന്നവരാണ്. ദാരിദ്ര്യം ഉള്ള പണമാണ് അവർ അപഹരിച്ചത്. അവർ നടത്തിയ ആക്രമണം കേവലം അവന്റെ സമ്പത്തിനെ മാത്രം മുൻനിർത്തിയാണ്. പൊതുവഴിയിൽ ആ കള്ളന്മാർ നടത്തുന്ന സമ്പത്തിന്റെ അപഹരണം അയാളുടെ ശാരീരിക മുറിവിലേക്കും എത്തിക്കുന്നു. സാമൂഹികമായി ഒരു ചെറുത്തുനിൽപ്പ് അപഹരണം നടത്തുന്ന മനുഷ്യരുടെ (കള്ളന്മാരുടെ) ഭാഗത്തുനിന്ന് ഉണ്ട് എന്നത് കൃത്യമാണ്.

അപ്പത്തിനു വേണ്ടി പോരാടുന്നവരുടെ മോഷണം (പോരാട്ടം) ചിലപ്പോഴൊക്കെ കോർപ്പറേറ്റ് ഭീകരന്മാരുടെ കള്ളത്തരത്തെക്കാൾ വികൃതമായി കാണിക്കുന്നതുപോലെ. അവരുടെ അപഹരണം, ചെറുത്തുനിൽപ്പ് കള്ളന്മാരുടെ മോഷണമായി മാറി. അവരുടെ പോരാട്ടത്തിന്റെ കഥ യേശു പറഞ്ഞതിനു ശേഷം സാമൂഹ്യമായി പദവിയുള്ള മാനസികമായി അത്രകണ്ട് ബലക്കുറവുള്ള മനുഷ്യരെ കഥയിൽ കാണിക്കുന്നു. അവർ യെരുശലേമിലേക്ക് യാത്ര ചെയ്യുകയാണ്. മുറിവേറ്റുകിടക്കുന്ന മനുഷ്യന്റെ യാത്രയ്ക്ക് എതിർ ദിശയിലാണ് അവർ പോകുന്നത്. കാരണം മതത്തിന്റെ യാഥാസ്ഥിതിക ബോധത്തിലേക്ക് പൊതുസമൂഹത്തിലൂടെ നടന്നു പോകുന്നവർക്ക് അന്ധതയാണ്, മത അന്ധത ഇത് ക്രിസ്തു പറയാതെ പറയുകയാണ്.



അപഹരിച്ച കള്ളന്മാരെക്കാൾ മാനസികമായി സമൂഹത്തോട് പൊരുത്തപ്പെടാൻ കഴിയാതെ നടന്നു നീങ്ങുന്ന മനുഷ്യൻ. അപഹരിച്ചവർ അപ്പത്തിനു വേണ്ടി അപഹരിച്ചെങ്കിൽ. ഒഴിഞ്ഞുമാറി നടന്നവർ ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ ചരിത്രത്തിൽ നിന്നും മനപ്പൂർവം ഓടി മാറുന്ന പെരും കള്ളന്മാർ തന്നെയാണ്. യേശു ശമര്യയിലെ നിത്യവസന്തമായി ഒരു മനുഷ്യനെ പരിചയപ്പെടുത്തുമ്പോൾ സാമൂഹ്യമായ ഒരു പദവി തന്നെയാണ് അദ്ദേഹത്തിന് നൽകുന്നത്. സ്വയം വേഗത സൃഷ്ടിച്ച് യെരുശലേമിലേക്ക് ഓടിപ്പോയവർ മനുഷ്യത്വം നഷ്ടപ്പെടുത്തിയ മത അന്ധതയുടെ കള്ളന്മാർ തന്നെയാണെന്ന് പറയാത്ത ക്രിസ്തുവിന്റെ ഭാഷാപ്രയോഗത്തിൽ വ്യക്തമാക്കുന്നു. ശമര്യയിലെ സാമ്പത്തിക സാമൂഹ്യ പ്രതിസന്ധികൾക്ക് മുമ്പിൽ നിശബ്ദനായി മുറിവേറ്റ മനുഷ്യനൊപ്പം സാവധാനം നടക്കുന്ന മനുഷ്യനും തമ്മിൽ ക്രിസ്തുവിലേക്ക് ഒരു കല്ലേറ് ദൂരം ഉണ്ട് എന്ന് ക്രിസ്തു നമ്മോട് പറയുന്നു.

അപഹരിച്ചവരെക്കാൾ ഒഴിഞ്ഞുമാറുന്നവരാണ് കള്ളന്മാർ

പോരാട്ടത്തിൽ മുറിവ് സൃഷ്ടിച്ചവർ ഒരുപക്ഷേ തങ്ങളുടെ അപ്പത്തെ പ്രതി കള്ളന്മാർ എന്ന പേരിനർത്ഥരാണ്. ജീവൻ നഷ്ടമാകുന്ന ശരീരത്തെ മറന്ന് യെരുശലേമിലേക്ക് വേഗത്തിൽ നടന്നുപോയവരാണ് അതിനേക്കാൾ വലിയ കള്ളന്മാർ. അപ്പത്തെ പ്രതി അപഹരിക്കുന്നതിനേക്കാൾ. ദൈവത്തെ പ്രതി ഒഴിഞ്ഞുമാറുന്നതാണ് ഏറ്റവും വലിയ മോഷണം.

വഴിയമ്പലം

വഴിയമ്പലം ആ കാലത്തെ പ്രൗഢിയുള്ള വിശ്രമ കേന്ദ്രങ്ങളാണ്. അതുകൊണ്ടാണ് യേശുവിനെ ജന്മം നൽകാൻ മറിയയ്ക്ക് സ്ഥലമില്ലാതെ പോയത്. പക്ഷേ മുറിവേറ്റ ആളെ സ്വീകരിക്കുന്ന ഈ വഴിയമ്പലം അങ്ങനെയല്ല വളരെ വ്യത്യസ്തമാണ്. അതിന് പ്രധാന കാരണം മുറിവേറ്റ ശരീരവുമായി എത്താൻ ശമ’യ്യക്കാരന് പ്രേരണയായിത്തീരുന്ന സ്ഥലമാണ് വ്യത്യസ്തതകൾ ഉള്ള വഴിയമ്പലം. മുറിവേറ്റ മനുഷ്യനെ ആ വഴിയമ്പത്തലത്തിലെ മനുഷ്യർ സ്വീകരിക്കുന്നത് വേദത്തിന്റെ താളുകൾ ഇല്ലെങ്കിലും അത് അതിവൈകാരികമാണ് കാരണം അവരൊന്നും സംസാരിക്കുന്നില്ല മറിച്ച്

ശമ’യ്യക്കാരൻ അവരോട് പറയുന്നതേയുള്ളൂ. അയാൾ പറയുന്ന വാക്കുകളെ അതേപടി സ്വീകരിക്കത്തക്ക രീതിയിൽ വഴിയമ്പലത്തിലെ വാതിലുകൾ തുറന്നു കിടക്കണമെങ്കിൽ അവിടെ വളരെ വ്യത്യസ്തമായ നിലപാടാണ്. മുറിവേറ്റ മനുഷ്യനെ സ്വീകരിച്ചുകൊണ്ട് അവർ ശുശ്രൂഷിക്കാൻ ആയി പോകുന്നതിനിടയിൽ അയാളാണ് അവരോട് പണത്തെക്കുറിച്ച് പറയുന്നത്, അതിന്റെ അർത്ഥം സാമ്പത്തികമായുള്ള താല്പര്യങ്ങൾ മുറിവുള്ള മനുഷ്യനെ ശുശ്രൂ

ഷിക്കുന്നതിൽ അവർക്ക് ഒരു തടസ്സമല്ല. കാരണം അതിഥി മന്ദിരത്തിൽ അത്യാഹിത വിഭാഗത്തിന്റെ ശുശ്രൂഷകളാണ് നടത്താൻ പോകുന്നത്. മുറിവേറ്റ ശരീരം ഏൽപ്പിച്ചതിനു ശേഷം അയാൾ തന്റെ യാത്ര തുടരുകയാണ്, പോകാൻ തുടങ്ങുമ്പോൾ അയാൾ പറയുന്ന വാക്ക് ഞാൻ മടങ്ങി വരുമ്പോൾ ബാക്കി തന്നുകൊള്ളാം. അയാൾ എന്നും അടങ്ങി വരും എന്നുള്ളതിന് വേദം നിശബ്ദമാണ്. ഇന്നുവരെ മടങ്ങി ചെന്നിട്ടുണ്ടോ എന്നുള്ളത് സംശയവുമാണ്. പക്ഷേ ആ മുറിവുള്ള ശരീരത്തെ അതിഥി മന്ദിരത്തിൽ എന്നെന്നേക്കുമായിട്ടാണ് ഏറ്റെടുത്തത്.

മുറിവിനെ മൂടുന്ന സൗഹൃദത്തിന്റെ സ്നേഹം ഭാഷകൾ നിരന്തരം കേൾക്കുന്ന ഇടമായി ആ വഴിയമ്പലം അറിയപ്പെട്ടതുകൊണ്ടാണ് ജാതിക്കും വർണ്ണത്തിനും വർഗ്ഗത്തിനും അതീതമായി ആ മനുഷ്യൻ മുറിവുള്ള ശരീരവുമായി അവിടെ എത്തിയത്.

സാധാരണ വഴിയമ്പലങ്ങൾ അത് അതിൽതന്നെ സംഘർഷത്തിലാണ് കാരണം അതിൽ അതിഥിയും ആതിഥേയനും ഉണ്ട്. ഇതിൽ ആരാണ് അപരൻ(ഛവേല്യ) അതെ അതിഥി തന്നെ. ശുശ്രൂഷിക്കുന്നവനും ശുശ്രൂഷ ഏൽക്കുന്നവനും തമ്മിൽ മാനസികമായി ഒരുപാട് അകലങ്ങൾ ഉണ്ട് എന്ന് ചിന്തിക്കുന്ന ലോകമാണ് എല്ലാകാലത്തും. ശുശ്രൂഷ സ്വീകരിക്കുന്നവൻ ബലഹീനനും ശുശ്രൂഷിക്കുന്നവൻ പ്രബലനും. ഗുരു പലയിടങ്ങളിലും തന്റെ ശിഷ്യന്മാരോട് നിങ്ങൾ ശുശ്രൂഷിക്കുന്നവരാകണം എന്നു പറയുമ്പോൾ തങ്ങൾ ആർക്ക് ശുശ്രൂഷ കൊടുക്കുന്നുവോ അവരെ തങ്ങൾക്ക് പുറത്തുള്ളവരായി കാണുവാനുള്ള മനോഭാവമല്ല മറിച്ച് തങ്ങളിൽ തന്നെ ഒരാളായി കാണുവാനുള്ള മനോഭാവമാണ് പങ്കിടുന്നത്. അതിഥികൾ പുഞ്ചിരിക്കുന്ന ഇടമാണ് ആ വഴിയമ്പലം, അപരത്വങ്ങൾ ഇല്ലാത്ത ഇടം.

'അവനെ തന്റെ വാഹനത്തിൽ കയററി വഴിയമ്പലത്തിലേക്കു കൊണ്ടുപോയി രക്ഷചെയ്തു.'

'നിങ്ങളെന്താ നേരത്തേ വരാഞ്ഞത്?'.

'ഇത്രേം വലിയ സവാള ഞാൻ കണ്ടിട്ടേയില്ല.' അവൾ പറഞ്ഞു.

അവളുടെ കൊച്ചു കൂട്ടുകാരനും പതിയെ പഴത്തിൽ തൊട്ടു നോക്കിയിട്ട് നിഷ്കളങ്കമായി പറഞ്ഞു, 'ശരിയാണ്, ഇതൊരു ഉരുളക്കിഴങ്ങുപോലുമല്ല.'

2014-ൽ അദ്ദേഹത്തിന് സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം നൽകിയ ഭാരതീയരായ കൈലാഷ് സത്യാർത്ഥിയുടെ പുസ്തകമാണ്. ഭാരതത്തിൽ അടിമജീവിതം നയിക്കുന്ന കുഞ്ഞുങ്ങളുടെ വീണ്ടെടുപ്പിനുവേണ്ടി പ്രവർത്തിക്കുന്ന പല പ്രസ്ഥാനങ്ങൾക്കും കൈലാഷ് സത്യാർത്ഥി നേതൃത്വം നൽകുന്നു. ഈ പുസ്തകം ഒരു അനുഭവക്കുറിപ്പാണ്.


ഹരിയാനയിലെ ചർഖി ദാദ്രി എന്ന സ്ഥലത്ത് അടിനകളായി കഴിയുന്നവരെ വിമോജിപ്പിക്കുന്ന അതിസാഹസികത കൈലാഷ് സത്യാർത്ഥിയുടെ പ്രവർത്തകർ ചെയ്യുന്നു. കുഞ്ഞുങ്ങളെ കൊണ്ടുപോകുന്നതിനിടയിൽ അവർക്ക് കഴിക്കാൻ പഴം കൊടുത്തു. ജീവിതത്തിൽ ഇന്നുവരെ പഴം കണ്ടിട്ടില്ലാത്ത കുഞ്ഞുങ്ങൾ അത് സവാളയാണെന്നും കിഴങ്ങ് ആണെന്നും പറയുന്നു. അവരെ പറഞ്ഞു മനസ്സിലാക്കി അവർ പഴമായി തന്നെ അത് കഴിക്കുന്നു. ഇതിനിടയിൽ ഒരു കൊച്ചു കുഞ്ഞ് ഓടിവന്ന് തോളിൽ തട്ടിയിട്ട് ചോദിച്ചു:

'നിങ്ങളെന്താ നേരത്തെ വരാഞ്ഞത്?'.

അവളുടെ കുഞ്ഞനിയൻ വേണ്ടത്ര മരുന്ന് കിട്ടാതെയാണ് മരിച്ചത്. ഒരിക്കൽ അവളുടെ അച്ഛനെയും അമ്മാവനെയും പാറമട ഉടമകൾ സിഗരറ്റ് കൊണ്ട് പൊള്ളിച്ചിരുന്നു. സ്ത്രീകളെ ലൈംഗിക ചൂഷണം ചെയ്യുന്നതിനെതിരേ അവർ ശബ്ദിക്കുകയും രക്ഷപെടാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കുഞ്ഞുങ്ങളുടെ കുരുന്നു കൈകളിൽ മുറിവ് പറ്റുമ്പോൾപോലും ശുശ്രൂഷിച്ചിരുന്നില്ല. മുറിവ് വെച്ചുകെട്ടാനുള്ള   തുണിത്തുണ്ടുപോലും   അവർക്കില്ലായിരുന്നു. എട്ടുവയസ്സിനിടെ, ഒരു നരകത്തിന്റെ സകല പീഡകളും അനു ഭവിച്ചു കഴിഞ്ഞവളാണ് ഈ കൊച്ചു പെൺകുട്ടി. 'നിങ്ങളെന്താ നേരത്തേ വരാഞ്ഞത്' എന്ന് വിശ്വാസത്തോടെ ചോദിക്കാൻ പറ്റുന്ന ഒരാളുടെയടുത്ത് അവൾ ആദ്യമായിട്ടായിരിക്കും എത്തു ന്നത്.

'നിങ്ങളെന്താ നേരത്തേ വരാഞ്ഞത്?'.

❑





ശിഷ്യയ്ക്ക് ഗുരുവിന്റെ വിരമിക്കൽ തുകയിൽ നിന്നു വീട്

സംസ്ഥാനത്ത് കോളജ് അധ്യാപകർ ഉൾപ്പെടെ എത്രയോപേർ കോടി കണക്കിന് രൂപയുടെ ആനുകുല്യങ്ങൾ വാങ്ങി വിരമിക്കുന്നു. തന്റെ മുന്നിൽ പഠിക്കാൻ വന്ന ഒരു പാവപ്പെട്ട പെൺകുട്ടിയ്ക്ക് ഒരു ഭവനം തന്റെ തുക മാത്രം ഉപയോഗിച്ച് നിർമ്മിച്ച് നൽകിയിട്ട് സേവനത്തിൽ നിന്ന് വിരമിച്ച ആരെങ്കിലും ഉണ്ടോ എന്ന് സംശയമാണ്. ഇങ്ങനെ ഒരു പ്രിൻസിപ്പൽ ഉണ്ട്. പുത്തൻകാവ് മെത്രാപ്പോലിത്തൻ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് വിരമിക്കുന്ന പ്രിയ ജേക്കബ്. തന്റെ ശിഷ്യൻ നൽകിയ 3 സെന്റ് ഭൂമിയിൽ പത്ത് ലക്ഷത്തിൽ പരം രൂപ ചിലവാക്കി മൂന്ന് പെൺമക്കൾക്കും അമ്മയ്ക്കും നല്ലൊരു ഭവനം നൽകിയ വലിയ മനസ്സ്. ഗൃഹപ്രവേശന ചടങ്ങിൽ താക്കോൽ നൽകിക്കൊണ്ട് മുംബൈ ഭദ്രാസന മെത്രാപ്പോലീത്ത ഗീവറുഗീസ് മാർ കൂറിലോസ് പറഞ്ഞു 'ജാതിയുടെയോ മതത്തിന്റെയോ പരിഗണന നൽകാതെ അർഹതപ്പെട്ട പാവപ്പെട്ട ഒരു വിദ്യാർഥിനിക്ക് വീട് നൽകിയ പ്രിയയുടെ മനസ്സ് വലുതാണ്.' അതേ അധ്യാപകലോകത്തിന് മാതൃകയായ പുണ്യ കർമ്മം.